# ആത്മപോഷിണി


| പുസ്തകം ൧. | ൧൦൮൮ മിഥുനം | ലക്കം ൩. |
|---|---|---|


## മംഗളം.

പേരാലിൻതറയായ പാഠനിലയം തന്നിൽ, സ്സദാ സംശയം
തീരാൻ വന്നണയും നരച്ച കിഴവന്മാരാം മഹാ ശിഷ്യരിൽ
സാരാൎത്ഥങ്ങൾ മുഴുക്കെ മൌനവാഗ്ധിയാലോതിക്കൊടുക്കും ഗുരു-
ശ്രീ രാജിച്ച യുവാവു 'പോഷിണി'യെ നാൾതോറും തുണച്ചീടണമേ!

## പ്രാചീനാൎയ്യാവൎത്തത്തിലെ വിദ്യാഭ്യാസം.

മനുഷ്യനെ തിൎയ്യക്കുകളിൽ നിന്നു വ്യത്യാസപ്പെടുത്തുന്നതു പ്രജ്ഞയാണെന്നും ആ പ്രജ്ഞാരത്നം പ്രകാശിക്കണമെങ്കിൽ ശിക്ഷാരൂപമായ ശാണഘൎഷണം അത്യാവശ്യകമാണെന്നും ആൎക്കും അറിവുള്ളതാണ്. ഇൻഡ്യാമഹാരാജ്യത്തിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസത്തിന് ഏതാനും ചില ഗുണങ്ങൾ ഇല്ലെന്നില്ലെങ്കിലും, അവയോടുകൂടി പല ദോഷങ്ങളും സങ്കീൎണ്ണങ്ങളായി കിടക്കുന്നതിനാൽ ആ ദോഷങ്ങളെ പരിഹരിക്കാതെ രാജ്യത്തിനു ശാശ്വതമായ ഐശ്വൎയ്യം സിദ്ധിക്കയില്ലെന്നു ജനങ്ങൾ മുക്തകണ്ഠം നിലവിളി കൂട്ടിത്തുടങ്ങീട്ടു കാലം കുറെയായിട്ടുണ്ട്. ഈ അവസരത്തിൽ നമ്മുടെ പൂൎവ്വികന്മാരുടെ ഇടയിൽ പ്രചരിച്ചുവന്ന വിദ്യാഭ്യാസത്തിന്റെ രീതി എന്തെന്നു പരിശോധിക്കുന്നതു രസാവഹവും വിജ്ഞാനപ്രദവുമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രാചീനാൎയ്യന്മാർ വിദ്യാവിഷയത്തിൽ അത്യുൽകൃഷ്ടമായ ഒരു സ്ഥാനത്തെ പ്രാപിച്ചിരുന്നു എന്നുള്ളതു സൎവ്വസമ്മതമാണ്. ഇന്നു പരിഷ്കാരസൂൎയ്യന്റെ പ്രകാശത്താൽ പരിശോഭിക്കുന്ന പലേ പാശ്ചാത്യരാജ്യങ്ങളും അന്നു ഗാഢാന്ധകാരത്തിൽ മുങ്ങിക്കിടന്നിരുന്ന കഥ പോകട്ടെ; ഇന്നത്തെ തോതു വെച്ചു നോക്കുകയാണെങ്കിൽതന്നെ വാല്മീകിയെക്കാൾ വന്ദ്യനായ ഒരു കവിയേയോ പതഞ്ജലിയെക്കാൾ വിശിഷ്ടനായ ഒരു വൈയാകരണനേയോ ശങ്കരാചാൎയ്യരെക്കാൾ

പൂജ്യനായ ഒരു ശാസ്ത്രകാരനേയോ നാം ലോകത്തിൽ ഒരു സ്ഥലത്തും കാണുന്നില്ലല്ലോ. ആ മഹാപുരുഷന്മാരെ ആ നിലകളിലൊക്കെയും കൊണ്ടുചെന്നെത്തിച്ച വിദ്യാഭ്യാസരീതിയുടെ മാഹാത്മ്യം വിജാതീയമാണെന്ന് ആൎക്കും സമ്മതിക്കാതെ നിവൃത്തിയില്ല. അതിൻെറ ഏററവും സംക്ഷിപ്തമായ സ്വരൂപനിരൂപണമാണ് പ്രകൃത വിഷയം.

ബ്രഹ്മചൎയ്യത്തെപ്പററി ഋഗ്വേദത്തിലും അഥൎവ്വവേദത്തിലും കാണുന്ന സൂചനകളിൽ നിന്നു വൈദികകാലത്തിൻെറ ആരംഭത്തിൽ തന്നെ ഈ ഏൎപ്പാടു നടപ്പിൽ വന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. ബ്രഹ്മപദത്തിനു വേദമെന്നൎത്ഥമാകയാൽ വേദപാഠം ചെയ്യുന്നവൻ ബ്രഹ്മചാരി എന്ന അഭിധാനത്തിന് അൎഹനായി തീൎന്നു. മത്സ്യപുരാണത്തിൽ വേദകൎത്താക്കന്മാരായി തൊണ്ണൂററൊന്നു മഹൎഷികളെപ്പററി പറയുന്നുണ്ട്. വൈദികകാലത്തിൽ തന്നെ വേദങ്ങൾ അൎത്ഥത്തോടുകൂടിയോ കൂടാതെയോ പഠിക്കേണ്ടത് എന്നുള്ളതിനെപ്പററി പല വാദങ്ങളും ഉണ്ടായിരുന്നു. വൈദികന്മാരിൽ ചിലർ സാക്ഷരപാഠംകൊണ്ടു മാത്രം തൃപ്തന്മാരായിരുന്നതായി കാണുന്നുണ്ട്. അവരുടെ മതം അബദ്ധമാണെന്നും സാൎത്ഥാക്ഷരപാഠം തന്നെയാണ് കാമ്യമായിട്ടുള്ളതെന്നും യാസ്കൻ പ്രബലമായി ഉപന്യസിക്കുന്നു.

"സ്ഥാണുരയം ഭാരഹാരഃ കിലാഭൂൽ
അധീത്യ വേദം ന വിജാനാതി യോൎത്ഥം।
അൎത്ഥജ്ഞ ഇത് സകലം ഭദ്രമശ്നുതേ
നാകമേതി ജ്ഞാനവിധൂതപാപ്മാ."

യാസ്കൻെറ ഈ അഭിപ്രായത്തോടു പൂൎണ്ണമായി യോജിച്ചതന്നെയാണ് പതഞ്ജലിയുടേയും നില.

"യദധീതമപി ജ്ഞാതം
നിഗദേനൈവ ശബ്ദ്യതേ
അനഗ്നാവിവ ശുഷ്കേന്ധോ
ന തജ്ജ്വലതി കേവലം."

എന്നുള്ള അദ്ദേഹത്തിൻെറ മതം സൎവ്വഥാ ആദരണീയമാണെന്നുള്ളതിനു സംശയമില്ല. സാക്ഷരപാഠത്തിനു തന്നേയും സ്ഥാനകരണനാദാനുപ്രദാനാദികളിൽ നിശ്ചയമുള്ള ഒരു അദ്ധ്യാപകൻെറ സാഹായ്യം ആവശ്യകമാണെന്നു വരുമ്പോൾ സാൎത്ഥാക്ഷരപാഠത്തിന് ആ സാഹായ്യം എത്രദ്ദൂരം അപരിഹരണീയമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

അദ്ധ്യാപനം മൂന്നുപ്രകാരത്തിലാണെന്നാണ് ഹാരീതൻെറ മതം.

"അദ്ധ്യാപനം ച ത്രിവിധം
ധൎമ്മാൎത്ഥമൃക്ഥകാരണം
ശുശ്രൂഷാകാരണം ചേതി
ത്രിവിധം പരികീൎത്തിതം."

എന്നാണ് ആ സ്മൃതികൎത്താവിൻെറ വാക്യം. അദ്ധ്യാപനം ധൎമ്മമായും പണത്തിനുവേണ്ടിയും ശുശ്രൂഷയെ ഉദ്ദേശിച്ചും ഇങ്ങനെ മൂന്നുവിധത്തിലാകാം. ഈ നിലയ്ക്ക് അദ്ധ്യാപകന്മാരും ആചാൎയ്യൻ, ഉപാദ്ധ്യായൻ എന്നു രണ്ടുപ്രകാരത്തിലുണ്ടെന്നു (വിഷ്ണു) മറെറാരു സ്മൃതികാരൻ പറയുന്നു. അവരിൽ ആചാൎയ്യൻ ഉപാദ്ധ്യായനെക്കാൾ ശ്രേഷ്ഠനായിരുന്നു.

"ഉപനീയ തു യശ്ശിഷ്യം
വേദമദ്ധ്യാപയേദ്ദ്വിജഃ
സകല്പം സരഹസ്യം ച
തമാചാൎയ്യം പ്രചക്ഷതേ.

> ഏകദേശം തു വേദസ്യ
> വേദാംഗാന്യപി വാ പുനഃ
> യോദ്ധ്യാപയതി വൃത്ത്യർത്ഥ-
> മുപാദ്ധ്യായസ്സ ഉച്യതേ.”

വേദത്തിന്റെ ഏകദേശമോ വേദാംഗമോ പഠിപ്പിക്കുന്നതു് ഉപജീവനാമാൎഗ്ഗമായി വെച്ചുകൊണ്ടിരിക്കുന്നവനാണു് ഉപാദ്ധ്യായൻ. ആചാൎയ്യപദത്തിന്,

> “ആചിനോതി ഹി ശാസ്ത്രാൎത്ഥാ-
> നാചാരേ സ്ഥാപയത്യപി
> സ്വയമാചരതേ യസ്മാ-
> ദാചാൎയ്യസ്തേന കഥ്യതേ.”

ഇങ്ങനെ മറെറാരുപ്രകാരത്തിലും നിൎവ്വചനം കാണുന്നുണ്ടു്. ഗുരു ഈ രണ്ടു വകക്കാരിൽ നിന്നും ഭിന്നനായിരുന്നു.

> “നിഷേകാദീനി കൎമ്മാണി
> യഃ കരോതി യഥാവിധി
> സംഭാവയതി ചാന്നേന
> സ വിപ്രോ ഗുരുരുച്യതേ.”

ഗൃ നിഗരണേ എന്ന ധാതുവിൽ നിന്നുണ്ടായ ഗുരുശബ്ദത്തിന് അജ്ഞാനത്തെ നശിപ്പിക്കുന്നവൻ എന്നൎത്ഥം സിദ്ധിച്ചു. ഈ അൎത്ഥത്തെത്തന്നെ ഭംഗ്യന്തരേണ,

> “ഗുശബ്ദോപ്യന്ധകാരസ്സ്യാ-
> ദ്രുശബ്ദസ്തന്നിരോധകഃ
> അന്ധകാരനിരോധിത്വാൽ
> ഗുരുരിത്യഭിധീയതേ.”

എന്ന പദ്യത്തിൽ വിവരിച്ചിരിക്കുന്നു.

അദ്ധ്യയനകാലത്തെ സ്മൃതികാരന്മാർ പലവിധത്തിൽ ഗണിച്ചിട്ടുണ്ടെങ്കിലും, ആൎയ്യന്മാൎക്കു് ൭ വയസ്സുമുതൽ ൨൪ വരെ വിദ്യാഭ്യാസം വിധിച്ചിരുന്നു എന്നു മൊത്തത്തിൽ പറയാവുന്നതാണു്. ഛാന്ദോഗ്യോപനിഷത്തിൽ ശ്വേതകേതുവിന്റെ വിദ്യാഭ്യാസം ൧൨-ാം വയസ്സിൽ ആരംഭിച്ചതായിട്ടാണു് പറഞ്ഞുകാണുന്നതു്. പക്ഷെ, വയസ്സുചെന്നതിനു മേലാണു് ഒരുവനു വിദ്യാഭ്യാസത്തിനു യോഗം സിദ്ധിക്കുന്നതെങ്കിൽ അതിനും നിഷേധമില്ലെന്നു ബൃഹദാരണ്യകോപനിഷത്തിൽ ആരുണിയുടെ കഥയിൽനിന്നു നാം ഗ്രഹിക്കുന്നു.

ശിഷ്യന്മാർ ചുരുങ്ങിയപക്ഷം ഒരു വേദമെങ്കിലും സാംഗമായും സരഹസ്യമായും അഭ്യസിക്കേണ്ടിയിരുന്നു. അതു പന്ത്രണ്ടുകൊല്ലത്തെ പഠിത്തംകൊണ്ടേ സാദ്ധ്യമായിരുന്നുള്ളു. ഇരുപത്തിനാലോ, മുപ്പത്തിരണ്ടോ, മുപ്പത്താറോ വൎഷം പഠിക്കുന്നവരും ഇല്ലെന്നില്ലായിരുന്നു. മററു ചിലർ യാവജ്ജീവം ശിഷ്യന്മാരായി കഴിച്ചുകൂട്ടിവന്നു. അവരുടെ ജീവിതം ആന്താം (അവസാനംവരെ) ആചാൎയ്യാധീനമാണെന്നു ഗൌതമൻ പറയുന്നു. അവരെ നൈഷ്ഠികബ്രഹ്മചാരികൾ എന്നു വിളിച്ചുവന്നു.

വേദപാഠം മാത്രമേ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നുള്ളു. പിന്നീടു ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം, ഈ ആറു വേദാംഗങ്ങളുടേയും പഠനംകൂടി പ്രചുരപ്രചാരമായി തീൎന്നു. പതഞ്ജലിയുടെ കാലത്തിൽ ഈ വേദാംഗങ്ങളിൽ — പ്രത്യേകം വ്യാകരണത്തിൽ — ശിഷ്യന്മാൎക്കു് അഭിരുചി കുറഞ്ഞുവന്നതായി ഊഹിക്കുന്നതിനു പല ലക്ഷ്യങ്ങളുമുണ്ടു്. “പണ്ടത്തെ കാലത്തിൽ ഉപനയനത്തിനുമേൽ ബ്രാഹ്മണരെ വ്യാകരണം പഠിപ്പിക്കുക പതിവായിരുന്നു. ഇപ്പോൾ ഇങ്ങനെയൊന്നുമില്ല. വേദം പഠിച്ചുകഴിഞ്ഞ ഉടൻതന്നെ അവർ,

"വേദാന്നോ വൈദികാശ്ശബ്ദാഃ
സിദ്ധാ ലോകാച്ച ലൌകികാഃ
അനർത്ഥകം വ്യാകരണം"

എന്നുപറഞ്ഞു തുടങ്ങുന്നു" എന്നും മററും ഭാഷ്യകാരൻ അന്നത്തെ ശിഷ്യന്മാരെ സരസമായി ആക്ഷേപിക്കുന്നുണ്ട്. അനന്തരകാലങ്ങളിൽ സാംഖ്യയോഗാദിശാസ്ത്രങ്ങളും ചതുഷ്ഷഷ്ടികലകൾ കൂടിയും പാഠവിഷയങ്ങളായിത്തീൎന്നു. ഛാന്ദോഗ്യോപനിഷത്തിൽ നാരദൻ സനൽകുമാരനോട്, തനിക്കു പലശാസ്ത്രങ്ങളിലും അവഗാഹമുണ്ടായിരുന്നതായി പ്രസ്താവിക്കുന്നുണ്ട്. സൂത്രകാരന്മാരും സ്മൃതികാരന്മാരും ശിഷ്യന്മാൎക്കു വേണ്ടതായി പറയുന്ന പ്രധാനഗുണങ്ങൾ ശാന്തി, വിനയം, ആൎജ്ജവം, ശ്രദ്ധ, ഭക്തി, ഗ്രഹണപാടവം, സദാചാരം ഇവയാണ്. ഇന്ദ്രിയനിഗ്രഹത്തോടുകൂടിയുള്ള ഗുരൂപസമ്പന്നത്തിൽ പ്രാചീനന്മാർ പ്രത്യേകം ദൃഷ്ടിവെച്ചിരുന്നു.

"ശാസ്ത്രായ ഗുരുസംയോഗഃ
ശാസ്ത്രം വിനയവൃദ്ധയേ"

എന്നു കാമന്ദകി പറയുന്നു. ആചാൎയ്യനെ വേണ്ടവിധത്തിൽ ശുശ്രൂഷിച്ചാലല്ലാതെ വിദ്യ ഒരിക്കലും ശിഷ്യനെ പ്രാപിക്കുന്നതല്ല.

"കൂപസ്ഥിതം യഥാ നീരം
സർജ്ജുരധിഗച്ഛതി
ഗുരൌ സ്ഥിതാം തഥാ വിദ്യാം
ശുശ്രൂഷുരധിഗച്ഛതി"

ഗുരുവിന് എന്തെങ്കിലും ദോഷങ്ങളുണ്ടെങ്കിൽ തന്നേയും അവയെ മറയ്ക്കേണ്ടതു ശിഷ്യൻെറ ധൎമ്മമായിരുന്നു. അതിനാലാണ് അവനു ഛാത്രൻ എന്ന നാമധേയം സിദ്ധിച്ചത്.

വിദ്യാഭ്യാസകാലം മുഴുവൻ ശിഷ്യൻ ആചാൎയ്യൻെറ ഗൃഹത്തിൽതന്നെ താമസിക്കേണ്ടിയിരുന്നു. ഗുരുകുലവാസം ആൎക്കും ഒഴിക്കത്തക്കതായിരുന്നില്ല. ഏതു നിലയിലുള്ള ശിഷ്യനും ആചാൎയ്യശുശ്രൂഷ അപരിഹരണീയമായിരുന്നു. കൃഷ്ണമൃഗത്തോലുടുത്തു, തല വളൎത്തി, ആചാൎയ്യനു കാട്ടിൽനിന്നു വിറകുംമററും കൊണ്ടുവന്നു കൊടുത്ത്, ആചാൎയ്യൻെറ പൈക്കളെ തീററി, ഭിക്ഷാന്നം യാചിച്ച്, അതിനേയും ആചാൎയ്യൻെറ മുമ്പാകെ വെച്ച്, ആചാൎയ്യഭക്ഷണാനന്തരം ഭക്ഷിച്ച്, ആചാൎയ്യൻ ഉറങ്ങിയതിനു മേൽ ഉറങ്ങിയിരുന്ന അന്നത്തെ ശിഷ്യന്മാൎക്കു സമ്പ്രദായത്തിൽ നിന്നു വ്യതിചലിക്കുവാൻ യാതൊരു സൌകൎയ്യവും ഉണ്ടായിരുന്നില്ല. പകലുറങ്ങരുത്, കിടക്കമേൽ കിടക്കരുത്, സുഗന്ധദ്രവ്യങ്ങളെ പെരുമാറരുത്, നാടകം കാണരുത്, സഭകളിൽ പോകരുത്, കുടയും ചെരിപ്പും ഉപയോഗിക്കരുത്, സ്ത്രീകളെ നോക്കരുത്, ജന്തുക്കളെ ഉപദ്രവിക്കരുത് — ഇത്യാദിയായി പല നിബന്ധനകളും ആപസ്തംബാദി സൂത്രകാരന്മാർ ഏൎപ്പെടുത്തുകയും, ശിഷ്യന്മാർ അവയ്ക്കുൾപ്പെട്ടു നടക്കുകയും ചെയ്തുവന്നു.

"അഹേരിവ ഗണാൽ ഭീതോ
മൃഷ്ടാന്നാൽ സവിഷാദിവ
രാക്ഷസീഭ്യ ഇവ സ്ത്രീഭ്യഃ
സ വിദ്യാമധിഗച്ഛതി."

എന്നുള്ള പദ്യത്തിൻെറ താല്പൎയ്യം നോക്കുക.

ശിഷ്യൻ ആചാൎയ്യനെ ഈശ്വരനെപ്പോലെ കരുതിയിരുന്നു. "മാതൃദേവോ ഭവ പിതൃദേവോ ഭവ, ആചാൎയ്യദേവോ ഭവ" എന്ന് ഉപനിഷത്തു ഘോഷിക്കുന്നു. ആചാൎയ്യൻ മാതാപിതാക്കന്മാരെക്കാൾ ശ്രേ

ഷ്ഠനാണെന്ന് ആപസ്തംബൻ ഉപന്യസിക്കുന്നു. "സ ഹി വിദ്യാതസ്തം ജനയതി തച്ഛ്രേഷ്ഠം ജന്മ. ശരീരമേവ മാതാപിതരൌ ജനയതഃ" എന്നാണ് അദ്ദേഹത്തിന്റെ ഉപപത്തി.

ഉപാദ്ധ്യായാദ്ദശാചാര്യ്യ
ആചാര്യ്യാണാം ശതം പിതാ
പിതൄൎദ്ദശഗുണം മാതാ
ഗൌരവേണാതിരിച്യതേ."

എന്നുള്ള വസിഷ്ഠമതത്തെ ഖണ്ഡിപ്പു ഗൌതമൻ ആചാര്യ്യഃ ശ്രേഷ്ഠോ ഗുരൂണാം; മാതേത്യേകേ" എന്ന വാക്യങ്ങളാൽ സ്വമതത്തെ സ്ഥാപിക്കുന്നു. പഞ്ചഗുരുക്കളിൽ വെച്ച് ആചാര്യ്യൻ തന്നെയാണ് ശ്രേഷ്ഠനെന്നു സ്മൃതികർത്താക്കന്മാർ തീരുമാനിച്ചിട്ടുണ്ട്.

"ഹിതം തസ്യാചരേന്നിത്യം
മനോവാക്കായകർമ്മഭിഃ"

എന്നു യാജ്ഞവൽക്യനും "യുക്തസ്തൽപ്രിഹിതയോഃ" എന്നു ഗൌതമനും പറയുന്നു.

ആചാര്യ്യന്റെ കർത്തവ്യകർമ്മങ്ങൾ ഗൌരവമേറിയവയായിരുന്നു.

"സുന്ദരസ്സുമുഖസ്സ്വച്ഛഃ
സുലഭോ ബഹുശാസ്ത്രവിൽ
അസംശയസ്സംശയേ ത്തു
നിരപേക്ഷോ ഗുരുർമ്മതഃ.

എന്ന ലക്ഷണശ്ലോകത്തിൽനിന്നു സാമാന്യക്കാൎക്കൊന്നും ആ പദവി ലഭിക്കുന്നതല്ലെന്നു നമുക്കു മനസ്സിലാക്കാവുന്നതാണ്. ആചാര്യ്യൻ ശിഷ്യനെ പുത്രനെപ്പോലെ വിചാരിച്ചു തനിക്ക് അറിവുള്ള വിദ്യമുഴവൻ യാതൊന്നും മറച്ചുവെയ്ക്കാതെ പഠിപ്പിക്കേണ്ടതാണെന്ന് ആപസ്തംബൻ പറയുന്നു.

"ശിഷ്യശിഷ്ടിരവധേന. *** അശക്തൌ രജ്ജുവേണുവിദലാഭ്യാം തനുഭ്യാം; അന്യേന ഘ്നൻ രാജ്ഞാ ശാസ്യഃ" എന്നു ഗൌതമൻ ശിഷ്യ"ശിക്ഷാ"ക്രമത്തെ നിയന്ത്രിക്കുന്നു. 'അവധേന' എന്ന പദത്തിനു "താഡനം കൂടാതെ" എന്നാണ് അർത്ഥം.

വൃത്തിക്കുവേണ്ടി പഠിപ്പിക്കുന്ന ഉപാദ്ധ്യായനെ നിഷിദ്ധകോടിയിൽ തള്ളിയിരുന്ന പ്രാചീനഭാരതീയരുടെ ഇടയിൽ മാസവേതനം എന്നൊരേൎപ്പാട് ഇല്ലായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അദ്ധ്യയനം മുഴുവൻ കഴിഞ്ഞതിനുമേൽ മാത്രമേ ഗുരുദക്ഷിണ വിധിച്ചിരുന്നുള്ളൂ. അതുതന്നെ ആചാര്യ്യന്റെ അപേക്ഷപ്രകാരമല്ലാതെ ചെയ്യുവാൻപാടുള്ളതായിരുന്നില്ല. ശിഷ്യന്റെ ശുശ്രൂഷയാലോ ഗുണത്താലോ ആചാര്യ്യൻ പരിതുഷ്ടനായി തീരുന്ന അവസരങ്ങളിൽ മറെറാരു പ്രകാരത്തിലുള്ള ഗുരുദക്ഷിണ നിരർത്ഥകമെന്നാണ് ധർമ്മസൂത്രങ്ങളിൽ പറഞ്ഞുകാണുന്നത്. ഇതിനു രഘുവംശത്തിൽ വിവരിച്ചിട്ടുള്ള വരതന്തുകൌത്സന്മാരുടെ കഥതന്നെയാണ് ഉദാഹരണം. ദക്ഷിണ തന്നെ ഇന്ന പ്രകാരത്തിൽ വേണമെന്നു നിർബന്ധമുണ്ടായിരുന്നില്ല. ചെരിപ്പോ പലകയോ കേവലം ചീരപോലുമോ ആചാര്യ്യനു ഗുരുദക്ഷിണയായി യഥാശക്തി സമ്മാനിക്കാമെന്നു മനു പറയുന്നു.

കാലക്രമേണ പാഠ്യവിഷയങ്ങൾ അധികമായതോടുകൂടി അവയെല്ലാം ഒരു ആചാര്യ്യനു പഠിപ്പിക്കുവാൻ ശക്തിയില്ലാതെ തീൎന്നു. ആയിടയ്ക്കാണ് തക്ഷശില, നാളന്ദ, കാഞ്ചി മുതലായ മഹാവിദ്യാലയങ്ങളുടെ ആവിർഭാവം. തക്ഷശില അലസ്കാ

ണ്ഡർചക്രവർത്തിയുടെ കാലത്തുതന്നെ സുപ്രസിദ്ധമായിരുന്നു. വൈദ്യവിദ്യാഭ്യാസത്തിന് ആ കലാശാലസവിശേഷം കീർത്തിപ്പെട്ടിരുന്നു. അവിടെ ൧൮ കലാവിദ്യകൾ പഠിപ്പിച്ചുവന്നിരുന്നതായും, അവയിൽ ഓരോന്നിനും പ്രത്യേകമായി പാഠശാലകളും അദ്ധ്യാപകന്മാരുമുണ്ടായിരുന്നതായും ഹ്യൂവെൻസാങ് എന്ന ചീനക്കാരനായ ബൌദ്ധസഞ്ചാരി രേഖപ്പെടുത്തിയിരിക്കുന്നു. നാളന്ദയിലെ ഗ്രന്ഥശാല വളരെ വിശേഷപ്പെട്ടതായിരുന്നു. അവിടെനിന്ന് അനേകം മഹായാനബൌദ്ധഗ്രന്ഥങ്ങളെ എ. ഡി. ൫൪൬-ാംവർഷത്തിൽ സിയോയെൻ എന്ന ചീനചക്രവർത്തിയുടെ ആവശ്യപ്രകാരം പരമാർത്ഥൻ എന്ന ബൌദ്ധപണ്ഡിതൻ പകർത്തി എഴുതിയതായി കാണുന്നുണ്ട്. ഈ പരമാർത്ഥൻ ചീനത്തേയ്ക്കു പോയി അവിടത്തെ രാജസദസ്സിലെ ഒരംഗമായി കുറെകാലം ഇരുന്ന് എ. ഡി. ൫൬൯-ൽ മരിച്ചു.

പഴയസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസത്തിനു പല ഗുണങ്ങളുമുണ്ടായിരുന്നു എന്നുള്ളതു മേൽകാണിച്ച സംഗതികളിൽനിന്നു വായനക്കാർക്കു ഗ്രഹിക്കാവുന്നതാണ്. ഇന്നത്തെ വിദ്യാർത്ഥികളിൽ ഏറിയകൂറും ദേപധാ ഗൃഹസ്ഥന്മാരാണ്. അന്നത്തെ വിദ്യാർത്ഥികൾ എല്ലാം ബ്രഹ്മചാരികളായിരുന്നു. ദാരിദ്ര്യം ജ്ഞാനസമ്പാദനത്തിനു പ്രതിബന്ധവുമായിരുന്നില്ല. അവന്തീപുരവാസിയായ സാന്ദീപനി യദുരാജകുമാരന്മാരായ രാമകൃഷ്ണന്മാരേയും ദരിദ്രബ്രാഹ്മണകുമാരനായ കുചേലനേയും ഒന്നുപോലെയാണ് വിദ്യാഭ്യാസം ചെയ്യിച്ചത്. അന്നത്തെ ആചാര്യന്മാർ മഹാന്മാരായിരുന്നു.

"അപ്യഗ്രണീർമ്മന്ത്രകൃതാമൃഷീണാം
കുശാഗ്രബുദ്ധേ, കുശലീ ഗുരുസ്തേ?
യതസ്ത്വയാ ജ്ഞാനമശേഷമാപ്തം
ലോകേന ചൈതന്യമിവോഷ്ണരശ്മേഃ."

എന്നു മഹാകവി കാളിദാസൻ കൌത്സനോടു രഘുവിനെക്കൊണ്ടു ചോദിപ്പിച്ചതു് ഒട്ടും അതിശയോക്തിയല്ലെന്ന് അന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പറ്റി സ്വല്പമെങ്കിലും അറിവുള്ളവർക്ക് അനുമാനിക്കാവുന്നതാണ്. ഇന്നോ? മൌനം സർവ്വാർത്ഥസാധകം! എന്റെ ഈ ചോദ്യത്തിനു ഞാൻ ഒരു ഉത്തരവും പറയുന്നില്ല.

ആര്യസമാജനേതാവായ മഹാത്മാ മുൻഷിരാമൻ നടത്തിവരുന്ന ഹരിദ്വാരത്തിലെ ഗുരുകുലവിദ്യാലയവും കവിചക്രവർത്തി രവീന്ദ്രടാഗൂർ ബോൽപ്പൂരിൽ നടത്തിവരുന്ന പൌരസ്ത്യബാലവിദ്യാലയവും പ്രാചീനവിദ്യാഭ്യാസസമ്പ്രദായത്തെ അനുസ്മരിപ്പിക്കുന്നവയാണെന്നുള്ളതിനു സംശയമില്ല. പരമപാവനമായ വാരാണസീനഗരത്തിൽ അചിരേണ സമുല്ലസിക്കുവാൻ പോകുന്ന ഹിന്ദുസർവ്വകലാശാല ഈ സമ്പ്രദായത്തെ ആവശ്യമെന്നു തോന്നുന്ന നവീനപരിഷ്കാരങ്ങളോടുകൂടി സംഘടിപ്പിച്ചു നിലനിറുത്തി നമ്മുടെ മാതൃഭൂമിക്ക് അഖണ്ഡമായ ഐശ്വര്യത്തിനും യശസ്സിനും നിദാനമായി തീരുമെന്നു നമുക്ക് ആശംസിക്കാം.

തിരുവനന്തപുരം

—ഉള്ളൂർ എസ്. പരമേശ്വരയ്യർ.

## ഒരു ചിത്രം *

(കൃഷ്ണഗാഥം രീതി)

നില്പിതു കാണ്കൊ,രാൺകുഞ്ഞിതാ, തൻകുഞ്ഞി-
ക്കൈയ്യിൽച്ചെറിയ പാൽപ്പാത്രവുമായ്,
പയ്യിനെക്കാലേ കറന്നീട്ടമ്മതൻ
മെയ്യിൻ വലാവശം ചാരിനിൽപ്പൂ.

മാതാവോ, പൈക്കറ നിർത്തി, മണിവള-
വ്രാതമണിഞ്ഞ വലത്തു കയ്യാൽ
പൈതലെച്ചേർത്തുമണച്ചു പുണർന്നതി-
പ്രീതയായ്ക്കോൾമയിർക്കൊണ്ടീടുന്നു.

ചേലുററ പാത്രത്തിലമ്മ നറുംചുടു-
പാലും പകർന്നു കൊടുത്തതിനാൽ,
ബാലൻറെ ചെന്തൊണ്ടിവായ്മലരിൽച്ചെറു
പാലഞ്ചും പുഞ്ചിരി തഞ്ചിടുന്നു.

താമരത്താരിതൾ പോലെ നെടുതായി-
ത്തൂമയ്യെഴുതിയ കണ്ണിണയിൽ
പ്രേമവും ഹർഷവുമുൾക്കൊള്ളുമന്നിത-
ന്നോമനവക്ത്രമിതെത്ര രമ്യം!

എമ്മട്ടെന്നോതുവാനേതും കഴിവില്ലാ-
ത്തിമ്മധുരാനനമൊന്നു കണ്ടാൽ,
അമ്മയ്ക്കു മാത്രമല്ലാ,ർക്കുമേ ചെന്നെടു-
ത്തുമ്മവെച്ചീടുവാൻ തോന്നുമല്ലോ.

കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളൊരി-
പ്പൂവൽമെയ് പൂണ്ടോർ താൻ പുണ്യവാന്മാർ,
ലാവണ്യദുഗ്ദ്ധം കടഞ്ഞെടുത്തീടിന
തൂവെണ്ണയോ ഇതു തമ്പുരാനേ!

ക്ഷോണിയ്ക്കിരുൾ നീങ്ങാൻ ദൈവം താൻ കത്തിച്ച
കാണിക്കം കാഞ്ചനക്കൈവിളക്കോ!
ചാണയ്ക്കു വെച്ചേറെച്ചന്തം വരുത്തിയ
മാണിക്യക്കല്ലോ ഈ മഞ്ജുരൂപം!

വെൺതിങ്കൾബിംബത്തിൻ സൌമ്യപ്രകാശവും,
മുന്തിരിസ്സത്തിൻറെ മാധുര്യവും,
പൂന്തയ്യൽത്തെന്നലിൻ പൂർണ്ണക്കുളിർമ്മയും,
മാന്തളിർത്തൊത്തിൻറെ മാർദ്ദവവും,

വാനിൽ നവരത്നതോരണം കെട്ടുന്ന
വാർമഴവില്ലിൻറെ നല്ലഴകും,
വാടാതെ സന്ധ്യയ്ക്കു മന്ദം വിരിയുന്ന
വാസന്തിപ്പൂവിൻറെ വാസനയും—

മററുമാനന്ദമേകുന്ന പദാർത്ഥങ്ങൾ
മുററുമൊത്തിട്ടുണ്ടീക്കൊച്ചുമെയ്യിൽ!
മററാരുമല്ലിതു, മാന്യയശോദതൻ
കററക്കിടാവായ കണ്ണനത്രേ.

അമ്മയ്ക്കു പാൽപ്പാത്രം കാണിച്ചുനിന്നീടു-
മിമ്മലർക്കോമളത്തൂക്കയ്യല്ലോ,
അമ്മഹാമല്ലരാം ചാണൂരമുഖ്യരെ-
ച്ചമ്മന്തിപ്രായമരച്ചുവിട്ടു!

അരേഴു നാളൊരുകുന്നിനെയൊററക്കൈ-
ത്താരാൽക്കുടയായ്പ്പിടിച്ചോനിവൻ,
ഏറിയാൽ മൂഴക്കു കൊള്ളുമിപ്പാത്രത്തെ-
ക്കൈ രണ്ടുകൊണ്ടും പിടിച്ചിരിപ്പൂ!

പീലികളും വെച്ചു മേല്പോട്ടായ് കെട്ടിയ
നീലിമ കോലുന്ന കുന്തലിന്മേൽ
മാലിന്യമേലാത്ത മുത്തുമണിമയ-
മൌലിവിഭൂഷണമൊന്നണിഞ്ഞും;

നന്മഷിക്കോലിനെ വെല്ലുന്ന ചില്ലികൾ-
തൻമദ്ധ്യഭാഗത്തായ് ത്തെല്ലു മീതേ,
ഗോപിമാർ ചുംബിച്ച നിർമ്മലനെററിമേൽ
ഗോപി ചെങ്കുങ്കുമം കൊണ്ടു തൊട്ടും,

കണ്ണുങ്ങൾ രണ്ടിലും കഞ്ജകുസുമത്തിൻ
കണ്ണികളെക്കാത്ത ‘കുടക്കട്ടെക്കൻ’
കണ്ണാടിച്ചില്ലൊക്കും ഗണ്ഡത്തിൽ ബിംബിച്ചു
കണ്ണാടിച്ചിന്നുംമാരുജ്ജ്വലിച്ചും,

മെച്ചമാം കണ്ണത്തെ മാറോളം തൂങ്ങിയോ-
രച്ഛഹാരത്താലലംകരിച്ചും;
പിച്ചകപ്പൂമാല പോലാം ഭുജങ്ങളിൽ-
പ്പച്ചക്കൽ വെച്ച വളകളിട്ടും;

* കുട്ടികൾക്കായി എഴുതിയത്.

മൊട്ടുള്ള പൊൻതുടർ മിന്നുമരയിങ്കൽ
പട്ടുകോണകമുട്ടത്തും ചെമ്മേ;
പട്ടും പണിയുന്ന പാദങ്ങളിൽ വില-
പ്പെട്ടുള്ള രത്നച്ചിലമ്പു പൂണ്ടോ

അമ്മതൻ മെയ്‌ചാരി നില്പോനേ, ലോകങ്ങൾ-
ക്കമ്മയുമച്ഛനുമായവനേ,
ധർമ്മസംരക്ഷയ്ക്കായ് കൂടെക്കൂടേ ജന്തു-
ധർമ്മം കൈക്കൊള്ളും പരമാത്മാവേ,

ഭാവം പാർത്തമ്പാടിപ്പെണ്ണുങ്ങൾതൻ മുന്നിൽ,
പാൽവെണ്ണയൊട്ടൊട്ടു കിട്ടുവാനായ്,
മൂവടികൊണ്ടു മൂപ്പാരുമളന്ന തൃ-
ക്കാൽ വെച്ചു തത്തിക്കളിക്കുന്നോനേ,

ഓടക്കുഴലൂതിശ്ശീലിച്ചപോതുമി-
പ്പാടലപേലവച്ചുണ്ടിനാലേ
പ്രൗഢനാം ഫൽഗുനന്നുൽകൃഷ്ടധർമ്മത്തിൻ
ഗൂഢതത്ത്വമുപദേശിച്ചോനേ,

ബാലകരൂപനാം നിന്നുടെയത്ഭുത-
ലീലകൾക്കുണ്ടോ പറഞ്ഞാലറ്റം?

നീലകളേബര, നിശ്ശേഷവിശ്വൈക-
പാലക, പോററി, പണിഞ്ഞീടുന്നേൻ.

വൃക്ഷവൃന്ദങ്ങളിൽച്ചെന്തെങ്ങാണങ്ങു നു
നക്ഷത്രവർഗ്ഗത്തിൽ ശുക്രനത്രേ;
രക്ഷിക്കും ബാന്ധവശ്രേണിയിലമ്മതാൻ;
പക്ഷികുലത്തിലോ പച്ചക്കിളി,

നാനാചെടികളിൽത്തൃത്താവാകുന്നു നീ,
മാനായജാതിയിൽ കൃഷ്ണമൃഗം;
ആറൃതുക്കളിൽ മാധവമാസം നീ;
പാനവസ്തുക്കളിൽ പ്പാലു തന്നെ

ഗാനയന്ത്രങ്ങളിൽ വീണാപ്രകാണ്ഡം നീ,
സൂനങ്ങളിൽ പനിനീർപ്പൂവു നീ;
സ്നാനം കഴിക്കേണ്ടോ തീർത്ഥങ്ങളിൽ
വാനവഗംഗ നീ വാസുദേവ!

എന്തിലും മീതേ വിളങ്ങുന്ന ദൈവമേ,
ചിന്തിതസർവ്വസ്വചിന്താമണേ,
അന്തിക്കു നാമം ജപിയ്ക്കുമ്പോൾ നിത്യമീ
നിൻതിരുമെയ്യുള്ളിൽത്തോന്നേണമേ!

—വള്ളത്തോൾ നാരായണമേനോൻ

## ഇതിഹാസം.

(വീരചരിത്രം)

സംസ്കൃതസാഹിത്യസമുദ്രത്തിൻെറ അടിത്തട്ടിനെപ്പററി അന്വേഷിക്കുമ്പോൾ മുഖ്യമായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നത് ഇതിഹാസഗ്രന്ഥരത്നങ്ങളാകുന്നു. ഇതിഹാസം എന്ന പദത്തിന്നു വീരചരിത്രം (Epic) എന്നാണ് പാശ്ചാത്യപണ്ഡിതന്മാർ അർത്ഥം കല്പിച്ചിട്ടുള്ളത്. ഇതിഹാസങ്ങളിൽ പ്രധാനങ്ങളായി ഗണിക്കപ്പെടുന്നതു രാമായണവും ഭാരതവുമാണ്. അഖിലോപജീവ്യനായ വാല്മീകിമഹർഷിയും ഭഗവാനായ വ്യാസമഹർഷിയുമാണല്ലോ പ്രസ്തുതപ്രബന്ധങ്ങളുടെ പ്രണേതാക്കൾ. ഇവയിലെ വിഷയസ്വരൂപം പ്രമാണിച്ചു മൊത്തമായി ഇതിഹാസമെന്നൊരു സംജ്ഞ കല്പിച്ചു പ്രത്യേകമായി രാമായണത്തെ ഇതിഹാസകാവ്യം എന്ന വിഭാഗത്തിലും ഭാരതത്തെ ഇതിഹാസപുരാണമെന്ന കോടിയിലും അന്തർഭവിപ്പിച്ചിരിക്കുന്നു. രാമായണത്തെ പരിശോധിച്ചു നോക്കുമ്പോൾ, കാവ്യസാധാരണങ്ങളായ ഗുണഗണങ്ങൾ എങ്ങും തന്നെ ഉല്ലസിച്ചുകാണാം. അതുകൊണ്ടത്രേ അതിനെ ആദി

കാവ്യമെന്നും ഇതിഹാസകാവ്യമെന്നും വിളിക്കുന്നത്.

ഇതിഹാസങ്ങളുടെ ബീജാവാപം വേദങ്ങളുടെ ശാഖയായ ബ്രാഹ്മണങ്ങളിലാണ് കാണപ്പെടുന്നത്. അതിപുരാതനമായ കാലത്തും ഇന്ത്യയിൽ വീരന്മാരായ യോദ്ധാക്കളെപ്പററിയുള്ള കഥകളും ഐതിഹ്യങ്ങളും നടപ്പുണ്ടായിരുന്നു. വേദങ്ങളിൽ പലേ ഘട്ടങ്ങളിലുമായി അനേകം വീരന്മാരുടെ യുദ്ധചരിത്രം വർണ്ണിക്കപ്പെട്ടുകാണുന്നുണ്ട്. എന്നാൽ അന്നത്തെ ചരിത്രങ്ങളിൽ മോടിക്കുവേണ്ടിയ അതിശയോക്തികൾ പ്രകടമായി കടന്നുകൂടി സ്ഥലംപിടിച്ചിരുന്നില്ല. ആവക വീരചിത്രങ്ങൾ കാലം ചെല്ലുന്തോറും ഓരോരുത്തരുടെ കല്പനാശാണോല്ലീഢങ്ങളാവുകയും, എണ്ണത്തിലും വണ്ണത്തിലും ഗണ്യമായ മാററം പ്രാപിക്കയും ചെയ്തു. ഗൃഹ്യസൂത്രകാലത്തു യാഗസമയങ്ങളിൽ ഇതിഹാസകഥനം പതിവുണ്ടായിരുന്നുവെന്നു ഋഗ്വേദത്തിൽ നിന്നും തെളിയുന്നുണ്ട്. ചുരുക്കത്തിൽ പറയുകയാണെങ്കിൽ, വൈദികകാലം മുഴുവനും ഇതിഹാസചരിത്രങ്ങൾക്കു പ്രചുരമായ പ്രചാരമുണ്ടായിരുന്നുവെന്നുതന്നെ പറയാം. അങ്ങിനെ ചിരം നിബന്ധികളായി കിടന്നിരുന്ന വീരചരിത്രങ്ങൾ വാല്മീകിവ്യാസന്മാരുടെയും മനോധൎമ്മങ്ങളിൽ പ്രതിഫലിച്ചു. അതിന്റെ ഫലമായിട്ടത്രെ, രാമായണം എന്നും ഭാരതം എന്നും പേരോടുകൂടി ഇന്നു നാം കണ്ടുവരുന്ന രണ്ടു ഇതിഹാസഗ്രന്ഥജ്യോതിസ്സുകൾ സാഹിത്യനഭോമണ്ഡലത്തിൽ ഉദിച്ച് ഉച്ചത്തിൽ വിളങ്ങുന്നത്.

ഇതിഹാസങ്ങൾക്ക് ഇതരഗ്രന്ഥസമുച്ചയങ്ങളുമായിട്ടുള്ള ഭേദം വിഷയത്തിലാണ് കാണപ്പെടുന്നത്. അവയിൽ ആഭ്യന്തരകൎമ്മങ്ങളെക്കാൾ ബാഹ്യകൎമ്മങ്ങളാണ് കുറെ പുറന്തള്ളി നില്ക്കുന്നത്. തന്നിമിത്തം നവീനന്മാൎക്ക് അതുകളിൽ പ്രബലമായ അവിശ്വാസം കടന്നുകൂടാൻ എളുപ്പമായി. സംസ്കൃതസാഹിത്യത്തെപ്പററി നാലുപാടും ഉള്ള അന്വേഷണങ്ങൾ ഇന്നും ഇന്നലെയുമല്ലാ പുറപ്പെട്ടിട്ടുള്ളത്. അങ്ങിനെ അന്വേഷണം നടത്തിയവരിലും നടത്തുന്നവരിലും അഗ്രഗണ്യന്മാർ പാശ്ചാത്യപണ്ഡിതന്മാർ തന്നെയാണെന്നിവിടെ വിശിഷ്യ പ്രസ്താവയോഗ്യമാണ്. എന്നാൽ ഈ അന്വേഷണങ്ങളുടെ ഫലമായി വിശ്വാസാൎഹമായോ ഗ്രാഹ്യമായോ വല്ല തത്വത്തെയും ഇവൎക്കു കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലെന്നും, ഈ സന്ദൎഭത്തിൽതന്നെ വ്യസനസമേതം പറഞ്ഞുകൊള്ളട്ടെ. ഭാരതസാഹിത്യത്തിന്റെ സൂക്ഷ്മങ്ങളായ തത്വങ്ങൾ അദ്യാപി തമശ്ഛന്നങ്ങളായിത്തന്നെ കിടക്കുന്നു. ബാഹ്യമായി അന്വേഷണം ചെയ്ത പാശ്ചാത്യബുദ്ധിയിൽ പ്രതിബിംബിച്ച സംഗതികൾ ആവക പ്രദേശങ്ങളിലേയ്ക്കു തിരിഞ്ഞുനോക്കീട്ടേ ഇല്ല. എന്നുതന്നെയല്ല, അസംഭാവ്യങ്ങളും അയഥാൎത്ഥങ്ങളും ആയ ചില വിമൎശങ്ങളെ ആവിഷ്കരണം ചെയ്തിട്ടുമുണ്ട്.

രാമായണത്തെപ്പററി പ്രൊഫസർ വിബർ എന്ന പാശ്ചാത്യപണ്ഡിതൻ അഭിപ്രായപ്പെടുന്നത് ഇങ്ങിനെയാണ്:— "രാമായണത്തിന്റെ ആരംഭംതന്നെ ആന്ധ്രാപദേശമാൎഗ്ഗങ്ങളിലേയ്ക്കാണ് തിരിയുന്നത്. ഇതിന്റെ സംക്ഷിപ്തമായ ഉദ്ദേശ്യം, അ

കാലത്ത് അഭ്യുദയത്തിൽ എത്തിയ ആൎയ്യന്മാരുടെ പരിഷ്കാരവും സമ്പ്രദായവും തെക്കോട്ടു, വിശിഷ്യ സിലോണിലോളം പരന്നിരിക്കുന്നുവെന്നു സൂചിപ്പിക്കുന്നതിൽ ആണ് വിശ്രമിക്കുന്നത്. പ്രതിപാദ്യവസ്തു കേവലം അഭൂതാൎത്ഥമാണെന്നു പ്രസ്തുതഗ്രന്ഥംതന്നെ അനക്ഷരം വിളിച്ചുപറയുന്നുണ്ട്. ചില സംഭവങ്ങളുടെയും അവസ്ഥകളുടെയും പുരുഷീകരണം എന്നുമാത്രം വേണം പറവാൻ. ഘോരനായ ഒരു രാക്ഷസൻ സീതയെ കട്ടുകൊണ്ടുപോയെന്നും, ഭൎത്താവായ രാമൻ അവളെ വീണ്ടുകൊണ്ടുവന്നുവെന്നുമാണല്ലോ കഥാവസ്തുവിൻെറ സംക്ഷിപ്തസ്വരൂപം. ദൈവികമായ മാഹാത്മ്യത്തോടുകൂടി ഈ സീതയെ ഉഴവുചാൽ എന്നൎത്ഥത്തിൽ ഋഗ്വേദത്തിൻെറ പല ഭാഗങ്ങളിലും നാം കാണുന്നുണ്ട്. അതിനാൽ സീത എന്നത് ആൎയ്യന്മാരുടെ കൃഷിയാണെന്നും, രാമൻ എന്നതു പൂൎവ്വനിവാസികളുടെ ധ്വംസനത്തിൽനിന്ന് ആ കൃഷിയെ രക്ഷിച്ച ഒരു വീരയോദ്ധാവാണെന്നും മാത്രമേ നാം മനസ്സിലാക്കേണ്ടതുള്ളു. ആ പൂൎവ്വനിവാസികളെയാണ് അസുരന്മാരെന്നും രാക്ഷസന്മാരെന്നും പറയുന്നത്. ആൎയ്യന്മാരോടിണങ്ങിക്കൂടിച്ചേൎന്ന അവരിൽ ചിലരെത്തന്നെയത്രെ വാനരന്മാരെന്നു പറയുന്നത്. വിരൂപന്മാരായതിനാലായിരിക്കാം അവൎക്കു വാനരത്വം കല്പിച്ചത്."

പ്രൊഫസർ ജാക്കോബി ഇങ്ങിനെ അഭിപ്രായപ്പെടുന്നു:— "രാമായണകഥയുടെ അടിസ്ഥാനം വേദത്തിലെ അസാധാരണരീതിയിലുള്ള ഒരു പഴംകഥയാണ്. ഋഗ്വേദത്തിൽ ഉഴവുചാലിൻെറ അധിഷ്ഠാനദേവതയായി കല്പിക്കപ്പെട്ട സീത ഒരു ദേവിയെപ്പോലെ മാഹാത്മ്യത്തോടുകൂടി നിൎദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഗൃഹ്യസൂത്രങ്ങളിൽ അവളെ കൃഷിയുടെ ദേവതയായും, അതിലാവണ്യവതിയായും, ഇന്ദ്രൻെറ അഥവാ പൎജ്ജന്യൻെറ പത്നിയായും പുകഴ്ത്തിയിരിക്കുന്നു. ഉഴവുചാലിന്നധിദേവതയായതിനാലായിരിക്കും, സീതയുടെ ഉല്പത്തി, പരിശുദ്ധനായ വിദേഹൻ യാഗാവസാനസമയത്ത് നിലമുഴുതുമ്പോൾ കണ്ട ഭൂഗൎഭത്തിൽ നിന്നാണെന്നു രാമായണത്തിൽ പ്രതിപാദിച്ചത്. അവളുടെ ഭൎത്താവായ രാമൻ ഋഗ്വേദത്തിൽ പ്രസ്താവിക്കപ്പെട്ട ഇന്ദ്രൻതന്നെയായിരിക്കാം. അദ്ദേഹം രാവണനുമായിച്ചെയ്ത യുദ്ധം ഋഗ്വേദത്തിലെ ഇന്ദ്രവൃത്രയുദ്ധത്തിൻെറ ഒരു പകൎപ്പുതന്നെയാണ്. രാവണാത്മജനായ ഇന്ദ്രജിത്ത് ഇന്ദ്രശത്രുവിൻെറ രൂപാന്തരമായിരിക്കണം. സീതാപഹരണം, പ്രത്യാനയനം എന്നിവ വേദത്തിലെ ഇന്ദ്രകൃതപശുമോക്ഷത്തോട് ഏറെക്കുറെ യോജിക്കുന്നുണ്ട്. സീതാന്വേഷണത്തിനായി സമുദ്രലംഘനം ചെയ്തവനും യുദ്ധത്തിൽ രാമനു വളരെ സഹായിച്ചവനുമായ ഹനുമാൻ വൃത്രസമരത്തിൽ ഇന്ദ്രനു സഹായിച്ച മരുത്തുകൾ തന്നെയാണ്. ഇന്ദ്രൻെറ ചാരത്വം വഹിച്ചു രസാനദി കടന്നു പശുക്കളെ കാട്ടിക്കൊടുത്ത "സരമ" എന്ന പട്ടിയായിരിക്കാം, ബന്ധനസ്ഥയായ സീതയെ സാന്ത്വനവാക്കുകളാൽ ആശ്വസിപ്പിച്ചിരുന്ന അതേ പേരുള്ള സരമ എന്ന വിഭീഷണപുത്രി."

മിസ്റ്റർ രമേശചന്ദ്രദത്തൻെറ അഭിപ്രായം ഇപ്രകാരമാണ്:— "ചരിത്രസം

ഭവങ്ങളെ വിവരിക്കുന്ന വിഷയത്തിൽ രാമായണം തീരെ വിലയില്ലാത്തതാണ്. കഥാപുരുഷന്മാർ ആഡംബരം കുറഞ്ഞവരും കല്പിതന്മാരുമാണ്. ഉഴവുചാലായ സീതയ്ക്കു ഇൗഗോപദകാലം മുതൽക്കേ ദൈവികത്വം കല്പിച്ചുപോന്നിട്ടുണ്ട്. ആര്യന്മാർ ക്രമേണ തെക്കോട്ടു നീങ്ങി ദക്ഷിണഇന്ത്യയിൽ കുടിയേറിപ്പാർത്തു തങ്ങളുടെ കൃഷിക്കു പ്രചാരം വരുത്തിത്തുടങ്ങിയതിനെ സൂചിപ്പിച്ചു രാമായണം എന്നൊരു കല്പിതകഥ സൃഷ്ടിച്ചുവെന്നേയുള്ളൂ."

ഇങ്ങനെയാണ് നവീനവിമർശകന്മാർ ഹിന്തുക്കളുടെ പാവനമായ സാഹിത്യത്തെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള അടിസ്ഥാനഹീനങ്ങളായ സിദ്ധാന്തങ്ങൾ.

മഹാഭാരതത്തെ സംബന്ധിച്ചേടത്തോളവും അവരുടെ അഭിപ്രായം ഏതാണ്ടു മേല്പറഞ്ഞ സിദ്ധാന്തങ്ങളെ പിന്തുടരുന്നുണ്ട്. അതിലെ പ്രധാനപ്രമേയമായ കുരുപാണ്ഡവയുദ്ധം, ചില കഥാപുരുഷന്മാർ, മററു ചില സംഭവങ്ങൾ എന്നിവയെല്ലാം യഥാർത്ഥങ്ങൾ ആണെന്ന് അവർതന്നെ സമ്മതിക്കുന്നുമുണ്ട്. പണ്ഡിതരമേശചന്ദ്രദത്തനവർകൾ ഭാരതത്തെപ്പററി ഇങ്ങിനെ അഭിപ്രായപ്പെടുന്നു:— "കുരുപാഞ്ചാലന്മാരുടെ ഇടയിൽ നടന്ന ഒരു മഹായുദ്ധമാണ് മഹാഭാരതത്തിലെ പ്രധാനപ്രമേയം. മഹാഭാരതം എന്ന വാക്ക് ആശ്വലായനഗൃഹ്യസൂത്രത്തിലും കാണുന്നുണ്ട്. തത്ത്വദാർശനികകാലത്തു ജീവിച്ചിരുന്ന ആശ്വലായനന് അർവാചീനന്മാരായ കവികൾ പ്രസ്തുതപ്രബന്ധത്തിന് ചില അംശങ്ങളിൽ ഏററക്കുറച്ചിലുകൾ വരുത്തീട്ടുണ്ടെന്നുള്ളതിൽ രണ്ടുപക്ഷമില്ല. അതുകൊണ്ട് ഇപ്പോൾ നാം കണ്ടുവരുന്ന മഹാഭാരതം യഥാർത്ഥമായി നടന്ന സംഭവങ്ങളുടെ ശരിയായ ചരിത്രമാണെന്നു വിശ്വസിച്ചുകൂടാ. പാർത്ഥന്മാരും കല്പിതകഥാപുരുഷന്മാർ തന്നെ. യുധിഷ്ഠിരൻ സത്യം, ധർമ്മം, സത്സ്വഭാവം മുതലായ ഗുണങ്ങൾക്കും, ഭീമൻ അത്യൂർജ്ജിതമായ ശക്തിക്കും, അർജ്ജുനൻ അപ്രതിഭടമായ യുദ്ധസാമർത്ഥ്യത്തിനും, നകുലസഹദേവന്മാർ മററോരോ ഗുണങ്ങൾക്കും പകരം നിൽക്കുന്നു. ദ്രൗപദിയുടെ കാര്യവും ഈവിധം തന്നെയാണ്. പാഞ്ചാലരാജപുത്രിയായ ഈ യുവതി ഏകോദരസഹോദരന്മാരായ പഞ്ചപാണ്ഡവന്മാരെ ഒരുമിച്ചു കല്യാണം കഴിക്കുന്നു. അതോ, അഞ്ചുപേരേയും! എന്നാൽ കുരുപാഞ്ചാലന്മാരുടെ കാലത്തും അതിനടുത്തു വളരെ ശതാബ്ദങ്ങളിലും സ്ത്രീകൾക്കു ബഹുഭർത്തൃത്വം നടപ്പുണ്ടായിരുന്നില്ല. അതിനാൽ പാഞ്ചാലരാജാവു തൻെറ രാജ്യത്തെയും ജീവനെയും രക്ഷിക്കാൻവേണ്ടി തൻെറ പുത്രിയായ യാജ്ഞസേനിയെ അഞ്ചു പേക്കൊരുമിച്ചു വേളി കഴിച്ചുകൊടുക്കുമെന്നു നമുക്കു വിചാരിപ്പാൻപോലും തരമില്ല. ഈവക തെളിവുകളാൽ പാർത്ഥന്മാരുടെ ചരിത്രം തീരെ കെട്ടുകഥയാണെന്നു വന്നുകൂടുന്നുണ്ട്. അല്ലെങ്കിൽ, പാണ്ഡവന്മാരുടെ അനന്തരവംശ്യന്മാരായ ജനമേജയാദികളെ ഭാരതത്തെക്കാളും പ്രാചീനങ്ങളായ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചുകാണുന്ന സ്ഥിതിക്കു പാർത്ഥന്മാരെപ്പററി ഒരക്ഷരവും പ്രസ്താവിക്കാതിരിപ്പാൻ കാരണമെന്ത്?"

ഇനി ബീബർ മുതലായവർ പറയുന്നതു, രാമായണത്തിനു മുമ്പാണ് ഭാരത

ത്തിന്റെ ഉൽപ്പത്തി എന്നാണ്. മിസ്റ്റർ ദത്തനും ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ട്. രണ്ടു ഗ്രന്ഥങ്ങളിലും കാണുന്ന ചില അഭിപ്രായങ്ങളേയും സംഭവങ്ങളേയും അന്യഥാ ധരിച്ചിട്ടാണ് ഈവക വിമർശങ്ങളെ പുറപ്പെടുവിക്കാൻ സംഗതിയായത്. പരിശുദ്ധമായ ഒരു ഹൈന്ദവഹൃദയത്തിൽ മറിച്ചഭിപ്രായമുണ്ടാകാൻ ഈവക വിമർശങ്ങൾ നാലുപാടും നടന്നാലും പ്രസക്തിയില്ല. വിമർശപ്രകാരം വിശ്വസിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അങ്ങിനെയിരിക്കെ ഇവയെ ഖണ്ഡിക്കുന്നതിൽ വലിയ ഫലമൊന്നുമില്ലെങ്കിലും, എതിർവാദങ്ങളുടെ രീതിയെയുള്ള അടിസ്ഥാനമില്ലായ്മയെപ്പറ്റി, അടുത്തലക്കത്തിൽ രണ്ടു വാക്കു പറയാം.

പെരുമുടിയൂർ.

സി. ശങ്കുണ്ണിനായർ.

## അന്ധകാരം — ഒരു ചെറുകഥ.

(അനുകരണം)

വിദ്യാനഗരം എന്ന പട്ടണത്തിൽ എണ്ണൂറുസംവത്സരങ്ങൾക്കു മുമ്പു, ദൃഢചിത്തൻ എന്ന പേരോടുകൂടി ഒരു രാജാവു വാണിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ചിലർ, കൊടിയവൈരം നിമിത്തം അദ്ദേഹത്തെ പലവിധത്തിൽ പീഡിപ്പിച്ചുതുടങ്ങി. കൂരിരുട്ടുള്ള ഒരു രാത്രി, അദ്ദേഹം നിദ്രാവശഗനായിരുന്നപ്പോൾ, കൊട്ടാരത്തിലെ ഏതാനും ഭൃത്യന്മാരെ വശീകരിച്ചുകൊണ്ടു, ശത്രുക്കൾ പള്ളിയറയിൽ കടന്ന് അദ്ദേഹത്തിന്റെ കൈകാലുകൾ വരിഞ്ഞുകെട്ടി, ചുമലിൽ എടുത്തുകൊണ്ട്, അടുത്ത മലഞ്ചെരിവിലിരുന്ന ഒരു ഗുഹയിലിട്ടു, പുറത്തു വരാതിരിക്കാൻ തക്കവണ്ണം ഒരു വലിയ പാറകൊണ്ട് ഗുഹയുടെ പ്രവേശദ്വാരം അടച്ചുകളഞ്ഞു. ഇതിനിടയ്ക്കു അദ്ദേഹം ഉറക്കമുണർന്നുപോകാതിരിക്കുന്നതിനു വേണ്ടി, മയക്കമുണ്ടാക്കുന്ന ഒരു പച്ചിലനീര് അദ്ദേഹത്തിന്റെ മൂക്കിൽ പിഴിഞ്ഞൊഴിച്ചിരുന്നു.

ഏറെനേരം കഴിഞ്ഞതിനുശേഷം ആ ഔഷധത്തിന്റെ ശക്തി ക്ഷയിച്ച്, ആലസ്യം തീർന്നപ്പോൾ, ആ നൃപൻ കണ്ണുതുറന്നു നോക്കി. തന്റെ കൈകാലുകൾ ബന്ധിക്കപ്പെട്ടിരിക്കുന്നതായും, താൻ ഒരു മഹാന്ധകാരത്തിൽ കിടക്കുന്നതായും അദ്ദേഹം മനസ്സിലാക്കി. "എവിടെ ആണു ഞാൻ ഇപ്പോൾ ഇരിക്കുന്നത്?" എന്ന് തന്നെത്താനെ ചോദ്യംചെയ്തു. സ്ഥലം അറിയുന്നില്ല. "നമ്മോട് ആരാണ് ഇത്തരം ദ്രോഹം ചെയ്തിരിക്കാവുന്നത്?" എന്നു ആലോചിച്ചുതുടങ്ങി. ഒന്നും തെളിവായി തോന്നിയില്ല. എഴുന്നേറ്റുനിൽക്കാൻ ശ്രമിച്ചു; എന്നാൽ അതു സാധിച്ചില്ല. ദാഹംനിമിത്തം നാവു വരണ്ടു. കണ്ണുരണ്ടും ചുമറി. നെഞ്ചു പടപടായമാനമായി അടിച്ചുകൊണ്ടിരുന്നു.

"ഈശ്വരാ! എന്നെ കൊല്ലുവാനാ

ണോ നിശ്ചയിച്ചിരിക്കുന്നത്?"

"അതേ" എന്നൊരു ശബ്ദം കേട്ടു.

"അതേ" എന്നാണോ പറയുന്നത്? നീ ആര്? എന്നു ചോദിച്ചു.

"ഞാൻ യമനാകുന്നു. നിന്റെ ജീവനെ കൊണ്ടുപോകുവാനാണ് വന്നിരിക്കുന്നത്"— എന്ന് ഒരു മറുപടി കേട്ടു.

അപ്പോൾ, ദൃഢചിത്തൻ:- "ഞാൻ യൌവ്വനയുക്തനായിരിക്കുന്നു. സൌന്ദര്യത്തിലും സൌശീല്യത്തിലും അദ്വിതീയയായ എന്റെ ഭാര്യയേയും, സിംഹക്കുട്ടിക്കൊത്ത എന്റെ മകനേയും, അതിയായ സാധാനസൌലഭ്യവും സ്രുതിയും ഉള്ള എന്റെ രാജ്യത്തേയും വിട്ടുംവെച്ചു, നിന്നോടുകൂടി പോരാൻ എനിക്കു മനസ്സില്ല, ഇവിടെനിന്നു പൊയ്ക്കൊള്ളൂ" എന്നു പറഞ്ഞു. 'ഹ, ഹ,' എന്നൊരു പച്ചച്ചിരിയാണ് ആ അശരീരിയിൽനിന്നും, അതിന്നുത്തരമായി പുറപ്പെട്ടത്.

"എന്നെ എപ്പോൾ കൊണ്ടുപോരുവാൻ പോകുന്നു?"- എന്ന് ദൃഢചിത്തൻ ചോദിച്ചു.

"ഇനിയും ഒരു യാമകാലത്തിന്ന് മുമ്പിൽ"- എന്നായിരുന്നു മറുപടി.

ഇതു കേട്ട നിമിഷത്തിൽ, ദൃഢചിത്തൻ ധൈര്യം വെടിഞ്ഞു നിശ്ചലനായി, ക്ഷീണിച്ചു നിന്നുപോയി. അദ്ദേഹത്തിന്റെ നേത്രങ്ങൾ മുമ്പത്തെക്കാളും ചുവന്നുതുടങ്ങി. നെഞ്ചു പൂർവ്വാധികം അടിക്കുവാനും ആരംഭിച്ചു. കൈകാലുകൾ വിറച്ചുവശായി.

അപ്പോൾ അദ്ദേഹത്തിന്റെ അമ്മ ഉപദേശിച്ചുകൊടുത്തിരുന്ന ഒരു മന്ത്രം അദ്ദേഹം ഓർത്തു. അമ്മ അന്തരിച്ച സമയത്തു അദ്ദേഹത്തെ വിളിച്ച് ആ മന്ത്രത്തെ ചെവിയിൽ മൃദുസ്വരത്തിൽ ഉപദേശിച്ചിട്ട് "കുഞ്ഞേ! നിനക്ക് മലപോലെ വരുന്ന ആപത്തും, ഈ മന്ത്രോച്ചാരണം ചെയ്താൽ, മലർപോലെ ആയിത്തീരും."— എന്നു പറഞ്ഞിരുന്നു. ഇപ്പോൾ ആ മന്ത്രം ചൊല്ലി. 'കരോമി' (ഞാൻ ചെയ്യുന്നു) എന്നായിരുന്നുവത്രെ ആ മന്ത്രം.

'കരോമി, കരോമി, കരോമി,' എന്നു മൂന്നുരു പറഞ്ഞു.

ഒരു പാമ്പു വന്നു കാലിൽ കടിച്ചു.

"അമ്മേ! ഇതാണോ അവിടത്തെ മന്ത്രത്തിന്റെ ഫലം?" എന്ന് അലറി.

"ഭയപ്പെടേണ്ട. മന്ത്രം ചൊല്ലൂ. ചൊല്ലൂ, ചൊല്ലൂ. ഇനിയും ആ മന്ത്രം ഉച്ചരിക്കു."— എന്ന് ആകാശവാണി പറഞ്ഞു

ഈ പുതിയവാക്കുകളുടെ സ്വരം അദ്ദേഹത്തിന്റെ മാതാവിന്റേതുപോലെ തോന്നി.

'കരോമി'മന്ത്രം വീണ്ടും ജപിച്ചു.

"കുരു, കുരു, കുരു" (ചെയ്യ, ചെയ്യ, ചെയ്യ.)— എന്നു പറഞ്ഞു അശരീരി.

ഉടനേ ശ്വാസം അകത്തു വലിച്ചുകൊണ്ട്, അമാനുഷമായ വേഗത്തോടുകൂടി കൈകൾ കുടഞ്ഞു. കൈകളെ ബന്ധിച്ചിരുന്ന വിലങ്ങു പൊട്ടിത്തെറിച്ചു. ഉടവാൾ എടുത്തു.

'ചെയ്യ, ചെയ്യ, ചെയ്യ.'— എന്നു

വീണ്ടും ശബ്ദം കേട്ടു.

പാമ്പു കടിച്ച കാൽവിരലിനെ പെട്ടെന്നു ഛേദിച്ചുകളഞ്ഞു. 'കുരു, കുരു' എന്ന വാക്കു പിന്നെയും കേട്ടു.

ശരീരത്തിൽ ധരിച്ചിരുന്ന വസ്ത്രം മുറിച്ചു, മണ്ണിലിട്ടു പുരട്ടി, രക്തം കലിയാതെയിരിക്കുവാൻ വിരലിൽ ചുററിക്കെട്ടി.

പിന്നീടും 'ചെയ്യു' എന്ന ധ്വനി ഉണ്ടായി. കാലിലെ ബന്ധത്തെ ഖണ്ഡിച്ചുകളഞ്ഞു.

അപ്പോൾ അദ്ദേഹം മോഹാലസ്യപ്പെട്ടു നിലത്തുപതിച്ചു. ജ്വരം ബാധിച്ചുതുടങ്ങി. മരണദാഹം ഉണ്ടായി.

"അയ്യോ! ദാഹം സഹിക്കാൻ പാടില്ലാതെയിരിക്കുന്നു. ഞാൻ എന്തുചെയ്യട്ടെ?" എന്നു പ്രലപിച്ചു.

'മന്ത്രം ജപിച്ചാലും' എന്ന് അശരീരി പറഞ്ഞു.

'കരോമി, കരോമി, കരോമി.'— എന്ന മന്ത്രം വീണ്ടും ജപിച്ചു.

'ചെയ്യു.'– എന്ന ആജ്ഞ പുറപ്പെട്ടു.

'എന്താ ചെയ്യേണ്ടത്?'— എന്നറിയാതെ കുഴങ്ങി.

"അന്ധാളിച്ചു വശംകെടേണ്ട. കർത്തവ്യത്തെ ചെയ്താലും." എന്ന് അശരീരി പറഞ്ഞു.

'എന്തു ചെയ്യണം?'— എന്ന് അദ്ദേഹം ഒരിക്കൽകൂടി ചോദിച്ചു.

'കല്ലിൽ മുട്ടണം.'— എന്നായിരുന്നു ആജ്ഞ.

എഴുന്നേററുനടന്നു ഗുഹയെ മൂടിയിരുന്ന പാറമേൽ ഒന്നു തലകൊണ്ടു മുട്ടി. തല ഉടഞ്ഞു മരിച്ചാൽ പോകട്ടെ, എന്ന നെഞ്ചുറപ്പോടുകൂടി ആജ്ഞയെ അനുസരിച്ചു. തല പൊട്ടിയില്ല. ഗുഹാദ്വാരത്തെ അടച്ചുവെച്ചു പോയവർ, തിടുക്കംനിമിത്തം ആ പാറയെ ചെരിച്ചുവെച്ചിട്ടാണ് പോയത്. പാറ വഴുതി താഴെ ഉരുണ്ടു വീണു. ഗുഹയിൽനിന്നുംപുറത്തിറങ്ങി അദ്ദേഹം ചുററും നോക്കി. സൂര്യോദയസമയമായിരുന്നു. 'കരോമി, കരോമി, കരോമി.'— എന്നു പറഞ്ഞുകൊണ്ടു സ്വരാജധാനിയിൽ ചെന്നുചേന്നു. പിന്നീട് അദ്ദേഹത്തിനു ഭീകരമായ യാതൊരു സംഭവവും ഉണ്ടായില്ല.

തിരുവനന്തപുരം

—ററി. രാമലിംഗം പിള്ള.

## കണ്ണൽ എച്ച്. എസ്സ്. ഓാൾക്കാർട്ട്.

ആധുനികമതശാഖക്കാരുടെ ഇടയിൽ ഇന്ന് ഉന്നതസ്ഥാനത്തെ സവ്വഥാ അർഹിക്കുന്നതു 'ബ്രഹ്മവിദ്യാസംഘ'മാണെന്ന് അതിന്റെ പരമവിരോധികൾകൂടി സമ്മതിക്കാതിരിക്കില്ല. ആ സംഘത്തിന്റെ സ്ഥാപകനാണ് പ്രസ്തുത കണ്ണൽ

എച്ച്. എസ്സ്. കാൽക്കോർട്ട്. ശ്രീമതി ബ്ളാവസ്കിമഡാമ്മയുടെ സഹകരണത്തോടുകൂടി, ബ്രഹ്മവിദ്യാസംഘം സ്ഥാപിക്കുന്നതിന് എത്രയോ കൊല്ലങ്ങൾക്കുമുമ്പെതന്നെ, അദ്ദേഹം തന്റെ സ്വരാജ്യത്തു കേൾവിപ്പെട്ട ഒരാളായിരുന്നു.

ക്രിസ്താബ്ദം 1832-ാമതു വർഷത്തിൽ അമേരിക്കയിലെ ന്യൂജെർസെ (New Jersey) എന്ന സ്ഥലത്താണ്, മിസ്റ്റർ കാൽക്കോർട്ട് ഭൂജാതനായത്. ഐകമത്യസംസ്ഥാനത്തു (United States) വളരെ വളരെ കൊല്ലങ്ങൾക്കു മുമ്പെ കുടിയേറിപ്പാർത്ത ഒരു ഇംഗ്ലീഷു പ്യൂരിട്ടൻകുടുംബത്തിൽ പെട്ട ആളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മുത്തശ്ശി, ഡച്ച് ഈസ്റ്റ് ഇൻഡ്യാകമ്പനിയിലെ ഒരു മെമ്പരുടെ വംശജാതയായിരുന്നു. ചെറുവയസ്സിൽതന്നെ കൃഷിസംബന്ധമായ വിഷയത്തിൽ കാൽക്കോർട്ടിന് അസാമാന്യമായ ജ്ഞാനം സിദ്ധിച്ചു. അതുനിമിത്തം ഏതൻസ് (Athens) സർവ്വകലാശാലയിൽ കൃഷിവിഷയം പഠിപ്പിക്കാൻ ഡച്ച് ഗവർമ്മേണ്ട് അദ്ദേഹത്തെ ക്ഷണിച്ചുവെങ്കിലും, അദ്ദേഹം ആ ബഹുമതിയെ സ്വീകരിക്കാതെ, അതേകൊല്ലത്തിൽതന്നെ ന്യൂയോർക്കിൽ ഒരു കൃഷിപാഠശാല സ്ഥാപിച്ചു. അക്കാലത്ത് ഐകമത്യസംസ്ഥാനത്തു നട്ടുപിടിപ്പിച്ച 'മറുനാടൻ ചെടി'യായ ചീനക്കരിമ്പുകൃഷിയിൽ കാൽക്കോർട്ട് പ്രത്യേകം ശ്രദ്ധവെച്ചു. ചീനക്കരിമ്പിനെയും ആഫ്രിക്കൻ കരിമ്പിനെയും പറ്റി അദ്ദേഹം ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. അതിന്ന് ഇപ്പോൾ 7ൽ അധികം പതിപ്പ് ഉണ്ടായി കഴിഞ്ഞിരിക്കുന്നു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ കീർത്തി നാടെങ്ങും പരന്നു. വാഷിങ്ങ്ടനിൽ ഒരു പാഠശാലയുടെ ഡയറക്ടർ സ്ഥാനത്തിന്ന് അദ്ദേഹത്തെ ക്ഷണിക്കയുണ്ടായി; ആ ക്ഷണനവും അദ്ദേഹം ഉപേക്ഷിക്കയാണ് ചെയ്തത്.

1858-ൽ കൃഷിപരിഷ്കാരോദ്ദേശത്തോടെ അദ്ദേഹം യൂറോപ്പു സന്ദർശിച്ചു. കൃഷികാര്യത്തിൽ പ്രത്യേകം വൈദഗ്ദ്ധ്യം ഉണ്ടായിരുന്നതിനാൽ ലണ്ടനിലെ "മാർക്ക് ലെയിൻ എക്സ്പ്രസ്" (Mark Lane Express) എന്ന പ്രസിദ്ധ പത്രത്തിന്റെ അമേരിക്കൻ ലേഖകനായും അമേരിക്കയിലെ "ന്യൂയോർക്ക് ഹിറാൾഡ്" (New York Herald) എന്ന പത്രത്തിന്റെ കൃഷികാര്യത്തിലുള്ള സഹപത്രാധിപരായും നിയമിക്കപ്പെട്ടു.

അമേരിക്കൻ സിവിൽയുദ്ധം തുടങ്ങിയതോടുകൂടി, അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള ജീവദശ അവസാനിച്ചുവെന്നു പറയണം. സ്വരാജ്യപ്രണയവും, സ്വാതന്ത്ര്യപ്രേമവും അദ്ദേഹത്തെ പട്ടാളത്തിൽ ചേരാൻ പ്രേരിപ്പിച്ചു. കുറച്ചുകാലം പ്രവൃത്തിയെടുത്ത ശേഷം രോഗാതുരനായി ന്യൂയോർക്കിൽ മടങ്ങിവന്നു. രോഗം മാറിയ ഉടനെ, വീണ്ടും യുദ്ധരംഗത്തിലിറങ്ങുവാൻ അദ്ദേഹം ഒരുങ്ങി. പക്ഷേ, അദ്ദേഹത്തിന്റെ ത്രാണിയും ധീരതയും കണ്ടിട്ടു, ഗവർമ്മേണ്ട്, സൈന്യങ്ങളെ ചേർക്കയും അതുസംബന്ധമായി പണം ചിലവുചെയ്കയും ചെയ്യുന്നതായ ആപ്പീസിൽ നടക്കുന്ന ചില കള്ളത്തരങ്ങളെ കണ്ടുപിടിപ്പാനായി, അദ്ദേഹത്തെ പ്രത്യേകം നിയമിച്ചയച്ചു. യുദ്ധം ചെയ്യുന്നതിനെക്കാൾ അപായകരമായ പ്രവൃത്തിയായിരുന്നു ഇത്.

കൈക്കൂലിയെയോ ദേഹനാശഭയത്തെയോ കേവലം വകവെയ്ക്കാതെ നാലുകൊല്ലത്തോളം കാലം അദ്ദേഹം ഇതിൽ തലയിട്ടു. ഒടുക്കം കുററക്കാരെ കണ്ടുപിടിച്ചു പത്തുകൊല്ലം ജെയിൽ ശിക്ഷ വിധിപ്പിച്ചു. ഇത്, ഒരു വലിയ യുദ്ധം ജയിച്ചതിനൊപ്പം പ്രാധാന്യമുള്ള ഒരു കാര്യമായിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് ഉടനെതന്നെ, ഗവമ്മേണ്ട് അദ്ദേഹത്തിന്ന് ഒരു അഭിനന്ദനക്കമ്പി അയച്ചു.

അതിൻെറ ശേഷമാണ്, മിസ്റ്റർ ഓൾക്കോർട്ട് കണ്ണൽ ഓൾക്കാർട്ടായത്. യുദ്ധഡിപ്പാർട്ടുമെണ്ടിൽ സ്പെഷൽകമീഷണരായി അദ്ദേഹത്തെ നിയമിച്ചു; രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ, നാവികവകുപ്പിൽ സ്പെഷൽകമ്മിഷണരായും നിശ്ചയിക്കയുണ്ടായി. ആ വകുപ്പിൽ അദ്ദേഹം ചെയ്ത പ്രവൃത്തിയുടെ ഫലമായി, താഴെ തർജ്ജമ ചെയ്തു ചേർക്കുന്ന ഒരു പ്രശംസാപത്രം ലഭിച്ചു.

"നിങ്ങൾ പ്രദർശിപ്പിച്ചതിനെക്കാൾ അധികം ശേഷിയും, ചുണയും പാരമാർത്ഥ്യവും വേറെ വല്ല ഒരാളും കാണിച്ചതായി എനിക്ക് അറിവില്ലെന്നു പറവാൻ ഞാൻ ആഗ്രഹിക്കുന്നു. സർവ്വത്തിലും ഉപരിയായി, നിങ്ങളുടെ സത്യനിഷ്ഠയും പരിശുദ്ധനടത്തയും രേഖപ്പെടുത്തുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങളുടെ കഴിഞ്ഞ ജീവിതം ഒട്ടുക്ക് അങ്ങനെതന്നെ ആയിരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. എൻെറ അറിവിൽ പെട്ടേടത്തോളം, അതിനെപ്പററി ആരും ആക്ഷേപിച്ചിട്ടില്ല. നിങ്ങൾ പ്രോസിക്യൂട്ട് ചെയ്തു ശിക്ഷിച്ച അനേകം ഖലന്മാരുടെ കൈക്കൂലിസ്വഭാവവും ധീരതയും ശക്തിയും ഓർത്താൽ, നിങ്ങളുടെ സദാചാരത്തിനു യാതൊരു മാലിന്യവും തട്ടാതെ രക്ഷപ്പെട്ടുപോന്നതു, നിങ്ങൾക്കു വളരെ ചരിതാർത്ഥ്യജനകമാണ്. ഈ രാജ്യത്തു, നിങ്ങളുടെ സ്ഥാനത്തുണ്ടായിരുന്ന യാതൊരാൾക്കും അങ്ങിനെ സാധിച്ചിട്ടില്ല."

ഇങ്ങനെ അനന്യസാധാരണമായ ബുദ്ധിശക്തിയും പ്രവൃത്തിശീലവും മനോധൈര്യവും ആത്മവിശ്വാസവും സദാചാരപരതയും കീർത്തിയും ഉള്ള കണ്ണൽ ഓൾക്കോർട്ടിനെയും അന്വേഷിച്ചു നടക്കയാണോ എന്നു തോന്നുമാറു, ശ്രീമതി ബ്ലാവസ്കിമദാമ്മ റഷ്യയിൽനിന്ന് അമേരിക്കയിൽ പോയി കണ്ണലിനെ കണ്ടുമുട്ടി.

യുദ്ധഡിപ്പാർട്ടുമെണ്ടിൽനിന്നു കണ്ണൽ രാജിവെച്ചു, കോടതിയിൽ വ്യവഹരിച്ചു വളരെ പണം സമ്പാദിച്ചുതുടങ്ങി. ആ പ്രവൃത്തിയും നിർത്തി, ബ്ലാവസ്കിയുടെ ഉപദേശപ്രകാരം 1875 നവമ്പർ 17ാംനു ന്യൂയോർക്കിൽ ഒരു ചെറിയ മുറിയിൽ ബ്രഹ്മവിദ്യാസംഘം സ്ഥാപിക്കാൻ പോകുന്നതിനെക്കുറിച്ചു നോട്ടീസ്സ് അച്ചടിച്ചു പരസ്യപ്പെടുത്തുകയും, പല മാന്യന്മാരെയും ക്ഷണിക്കയും ചെയ്തുവെങ്കിലും, സഭയ്ക്ക് ആരുംതന്നെ ഹാജരായിരുന്നില്ല. എന്നിട്ടും, അല്പംപോലും അധൈര്യപ്പെടാതെ, "ഒഴിഞ്ഞുകിടക്കുന്ന ബെഞ്ചുകളോടും കസേരകളോടും" പ്രാരംഭപ്രസംഗം ചെയ്ത ആ മഹാശയൻെറ ആത്മവിശ്വാസത്തെയും ആശയേയും ആരാണ് അഭിനന്ദിക്കാത്തത്? അങ്ങനെ ന്യൂയോർക്കിൽ ഭാഗ്യബലത്താൽ ഉദിച്ചു ശോഭയില്ലാത്ത

ബ്രഹ്മവിദ്യാനക്ഷത്രം ക്രമേണ ഇന്ത്യയിലേക്കു പ്രസരിച്ച്, 1876 ഫിബ്രവരി 16ാംനു ബോംബെ നഭോമണ്ഡലത്തിൽ ഉദിച്ചുതുടങ്ങി. മാർച്ച് 23ാംനു ബ്രഹ്മവിദ്യാസംഘത്തെപ്പററിയും അതിൻെറ ഉദ്ദേശത്തെപ്പററിയും ബോംബയിൽവെച്ചു കണ്ണൽപ്രസംഗം ചെയ്തു. അതിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു:— "രാജ്യഭരണതന്ത്രകാര്യത്തിൽകയ്യിടാതെ, വെറെവിധത്തിൽ ഞങ്ങളാൽകഴിയുന്നസഹായം ഇന്ത്യക്കു ചെയ്യുന്നതാണ് ഞങ്ങളുടെ പരമോദ്ദേശം. വിദേശ്യരുടെനിലയിൽ, ഇൻഡ്യരാജ്യഭരണവിഷയത്തിൽ ഏറ്റെപ്പെടുവാനുള്ള അവകാശമോ ആകാംക്ഷയോ ഞങ്ങൾക്കില്ല." 1906ൽ കണ്ണൽ മരിക്കുന്നതുവരെ, ബ്രഹ്മവിദ്യാസംഘം, രാജ്യതന്ത്രവിഷയത്തിൽ ഇറങ്ങിപ്രവൎത്തിക്കാതെ, ഇന്ത്യയുടെ അദ്ധ്യാത്മോദ്ധാരണത്തെ മാത്രമേ വിചാരിച്ചിരുന്നുള്ളു. ഇന്നത്തെ പ്രസിഡണ്ടായ ശ്രീമതി ആനിബസൻറ്, ബ്രഹ്മവിദ്യാസംഘസ്ഥാപകൻെറ ഈ നിബന്ധനയെ ആദരിക്കുന്നതായി കാണുന്നില്ല.

എത്രയോ ചെറിയ നിലയിൽ ആവിർഭവിച്ച ഈ സംഘത്തിൻെറ ഇന്നത്തെ നില തൽപ്രവൎത്തകന്മാൎക്ക് എത്രയും ചാരിതാൎത്ഥ്യജനകം തന്നെയാണെന്നു പറഞ്ഞേ തീരൂ. പരിഷ്കൃതരീതിയിൽ നടത്തപ്പെട്ടുപോരുന്ന 45 ഗവൎമ്മേണ്ടുകളുടെ കീഴിൽ, ലോകത്തിൽ ഒട്ടുക്ക്, 20,000 മെമ്പ്രന്മാർ ഉണ്ടത്രെ. കണ്ണലിന്നു ബുദ്ധമതത്തോടു വളരെ പ്രേമമായിരുന്നു. സിലോണിൽ അദ്ദേഹം അനവധി പാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്.

1882ൽ കണ്ണലും മററും സംഘത്തിൻെറ പേരിൽ, മദിരാശി, അഡയാറിൽ ഉള്ള ഒരു മനോഹരമായ സ്ഥലം വിലയ്ക്കു മേടിച്ച്, അതു ഹെഡ്ക്വാർട്ടേർസ്സാക്കി, അവിടെ അത്യന്താ രമണീയങ്ങളായ കെട്ടിടങ്ങൾ പണിയിച്ചു. മതവിഷയത്തിലും, വിദ്യാഭ്യാസവിഷയത്തിലും, അദ്ദേഹം 31 സാംവത്സരത്തോളം അശ്രാന്തപരിശ്രമം ചെയ്തു. ഒടുക്കം വളരെ കാലത്തോളം രോഗത്തിൽ വലഞ്ഞു കഷ്ടപ്പാടുകൾ അനുഭവിച്ചുവെങ്കിലും എത്രയും ധീരതയോടെ സൎവ്വവും സഹിച്ച്, 1906ൽ അഡയാറിൽ വെച്ചു കാലധൎമ്മം പ്രാപിച്ചു. തൻെറ ചരമശാസനമായി പിന്നത്തെ പ്രസിഡണ്ടായി ശ്രീമതി ആനിബസൻറിനെ നിയമിച്ചുവെങ്കിലും, പിന്നീട് വോട്ട് ഇട്ട് അവരെ തിരഞ്ഞെടുക്കുകയാണ് ഉണ്ടായത്.

ഇന്ത്യയുടെ അദ്ധ്യാത്മികമായ ഉദ്ധാരണത്തിൽ കൎണ്ണൽ ഓൾക്കോർട്ടിനെക്കാൾ അധികം പങ്കുകൊണ്ട ഒരു പാശ്ചാത്യനോ പൌരസ്ത്യനോ ഉണ്ടായിട്ടില്ലെന്നു തോന്നുന്നു.

—വി. കുഞ്ഞിക്കണ്ണൻ

ധൎമ്മടം.

## വാക്കുകളുടെ ശക്തി.

ലോകത്തിൻെറ നാനാഭാഗങ്ങളിലുമായി അനേകം ഭാഷകൾ പ്രചരിച്ചുവരുന്നു. അവയിൽ മിക്കതിന്നും വെവ്വേറെ അക്ഷരമാലകളുമുണ്ട്. ആ മാലകളിൽനിന്ന് ഒന്നോ രണ്ടോ അതിലധികമോ കുരുക്കളെടുത്തു കൂട്ടിച്ചേർത്തു നാം വാക്കുകളുണ്ടാക്കുന്നു. ആ വാക്കുകളെ നാം നമ്മുടെ ആഗ്രഹങ്ങളേയും അഭിപ്രായങ്ങളേയും അന്യോന്യം അറിയിക്കുവാൻ ഉപയോഗപ്പെടുത്തുന്നു. ഇങ്ങിനെയുള്ള വാക്കുകൾക്കു ചില പ്രത്യേക ശക്തികൾ നമ്മൾ കണ്ടുവരുന്നുണ്ടല്ലോ. ഇതെവിടെ നിന്നുണ്ടായി?

ഇതിഹാസപുരാണാദികളും കാവ്യനാടകാദികളും വായിക്കുമ്പോൾ നമ്മുടെ മനസ്സു കഥാപാത്രങ്ങളെ അനുസരിച്ച് ഏതെല്ലാം വികാരങ്ങൾക്കധീനമാകുന്നു? രാവണദുര്യോധനാദികളിൽ വെറുപ്പും, രാമധർമ്മജാദികളിൽ ഭക്തിസ്നേഹബഹുമാനങ്ങളും നമുക്കുണ്ടാകുവാൻ കാരണമെന്ത്? അവരാരും ഒരു വിധത്തിലും നമ്മളിൽ ബന്ധുത്വമോ ശത്രുത്വമോ ഉള്ളവരല്ല. അതിനാൽ നമ്മുടെ ഈ ഭാവഭേദം കവിവാക്കുകളിൽ നിന്നുത്ഭൂതമാകുന്നു. എന്നാൽ വരമൊഴികൾ (ഗ്രന്ഥഭാഷകൾ)ക്കുള്ളതുപോലെ വായ്മൊഴികൾക്ക് ഈ ശക്തിയില്ലയോ? ഉണ്ട്. വായ്മൊഴികൾക്കും സന്തോഷം, സന്താപം, സ്നേഹം, ദ്വേഷം മുതലായ വികാരങ്ങളെ നമ്മുടെ മനസ്സിൽ ജനിപ്പിക്കുവാൻ കഴിയും. ഈ സംഗതി അന്നന്നു ചുറ്റും നടക്കുന്ന കാര്യസംഭവങ്ങളിൽനിന്നു തന്നെ നമുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ഒരാൾ ഇന്നതു പറഞ്ഞു; മറ്റൊരാൾ ശുണ്ഠിയെടുത്തു; ആയാൾ ഈവിധം പറഞ്ഞു; എനിക്കു കരച്ചിൽ വന്നുപോയി; എന്നും മറ്റും ഓരോരുത്തർ പറയാറും വാസ്തവത്തിൽ അതു സംഭവിക്കാറും ഉള്ളതാണല്ലോ. പക്ഷേ, വാക്കുകൾക്കുള്ള ഈ ശക്തിവിശേഷം മന്ത്രങ്ങൾക്കുള്ളതുപോലെ ചില അക്ഷരങ്ങളുടെ സംഘടനയിൽനിന്നു ലഭിക്കുന്നതാണെന്ന് ചിലർ പറയാറുണ്ട്. അതു പരക്കെ ശരിയല്ലെന്നാണെൻെറ അഭിപ്രായം. കാരണം, ഒരേ വാക്കുതന്നെ അതുപയോഗിക്കുന്നവരുടെയും, ഉപയോഗത്തിൻെറയും വ്യത്യാസമനുസരിച്ചു ശ്രോതാക്കന്മാരുടെ മനസ്സിനു വികാരജനകമായും അല്ലാതേയും തീരുന്നു. ദൃഷ്ടാന്തത്തിനു ചില സംഗതികൾ പറയാം.

കഷ്ടിച്ചു സംസാരിക്കാറായ ഒരു കുട്ടി "ചെററ, തെമ്മാടി," എന്നോ മറ്റോ വല്ല അസഭ്യവാക്കുകളും ഒരാളുടെ മുഖത്തു നോക്കി പറയട്ടെ; ആയാൾക്കു യാതൊരു മനഃക്ഷോഭവുമുണ്ടാകുന്നില്ല. വലിയവർ തന്നെയാവട്ടെ; സന്ദർഭത്തിലല്ലാതെ പറയുന്നതായാലും മനസ്സു ക്ഷോഭിക്കുന്നില്ല. ഇതുതന്നെ ഒരു യുവാവു രക്തമായ ഭാവസത്തിൽ പറയട്ടെ; എന്നാൽ തൽക്ഷണം എന്തെല്ലാം ലഹളകളുണ്ടാകുമെന്നു മുൻകൂട്ടി ഉറയ്ക്കാൻ പാടില്ല. രണ്ടുകൂട്ടരും പറയുക തന്നെയാണ് ചെയ്യുന്നത്. പ

ക്ഷേ, സാധാരണ സംഭവിയ്ക്കാറുള്ള ആ ഫലം കുട്ടിയുടെയും, അസന്ദർഭത്തിൽ പറയുന്നവരുടെയും വാക്കിനുണ്ടാകുന്നില്ല. ഈ വ്യത്യാസത്തിനു കാരണമെന്തെന്നാലോചിയ്ക്കാം.

"തത്തമ്മേ! പൂച്ച പൂച്ച" എന്നു നാം പറഞ്ഞാൽ തത്തയും അതു പറയുന്നു. പൂച്ച തന്നെ പിടിയ്ക്കാൻ വരുന്നു എന്ന് ആ വാക്കിന്റെ ഭാവം അതറിയുന്നില്ല. ഇതുപോലെ തന്നെയാണ് ശിശുക്കളും. അവരുടെ ബാഹ്യാംഗങ്ങൾക്കെന്ന പോലെ അന്തരംഗത്തിനും പുഷ്ടിയും ദാർഢ്യവും ഉണ്ടായിരിയ്ക്കില്ല. അപ്പോൾ കായികമായോ മാനസികമായോ ഉള്ള പ്രവൃത്തികളിൽനിന്ന് ഒരു വിജയമുണ്ടാകാൻ അവർക്ക് അവകാശമില്ല. ചുരുക്കിപ്പറയുന്നതായാൽ 'കൊട്ടിയതു കാട്ടുക, പറഞ്ഞതു പറയുക' എന്നേ അവരുടെ ആവക പ്രവൃത്തികളെക്കുറിച്ചു വിചാരിയ്ക്കുവാൻ പാടുള്ളു. അവർക്ക് സ്വതന്ത്രമായി ഒരാലോചനയില്ല. അതിനാൽ അവരുടെ ഏതു പ്രവൃത്തിയുടെ ഫലത്തിനും അവർ ബാദ്ധ്യസ്ഥന്മാരല്ല. പ്രായം തികയുന്നതുവരെ കുട്ടികൾ ചെയ്യുന്ന സുകൃതങ്ങളുടെ ഫലം മാതാപിതാക്കന്മാരാണ് അനുഭവിയ്ക്കുന്നതെന്നും, അതിനാൽ അവർ സദാചാരനിരതരാകുവാൻ അച്ഛനമ്മമാർ സദാ മനസ്സിരുത്തേണ്ടതാണെന്നും പറയുന്നത് ഈ തത്ത്വത്തെ അനുസരിച്ചാകുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു മാനസികമായ ഒരു ചൈതന്യവിശേഷത്താൽ ഉജ്ജീവിതങ്ങളായ വാക്കുകൾക്കേ വേണ്ടടത്തോളം ഫലമുണ്ടാകയുള്ളു എന്നും, ഈ വിശേഷം കുട്ടികൾക്കില്ലാത്തതിനാലാണ് അവരുടെ വാക്കുകൾ പ്രായം ചെന്നവരുടേതിൽനിന്ന് വ്യത്യാസപ്പെട്ടിരിയ്ക്കുന്നതെന്നും തെളിയുന്നു. മന്ത്രങ്ങളുടെ മട്ടും ഇതുതന്നെ. ഓരോ മന്ത്രങ്ങൾക്കും സങ്കല്പപൂർവ്വകം ഇത്ര ഇത്ര ഉരു കഴിഞ്ഞേ സിദ്ധിയുള്ളുവെന്നും, സിദ്ധി വന്നതിനു ശേഷമേ അതുകളുടെ ഫലപ്രാപ്തിയുള്ളുവെന്നും പറയുന്നു. അക്ഷരസംഘടനാജന്യമായ ശക്തിവിശേഷമാണ് ഫലദാതാവെങ്കിൽ ഈ പ്രമാണം വ്യർത്ഥമാകുന്നമല്ലോ. ഓം, ഹ്രീം, ഫ്ളീം ഇത്യാദി ബീജാക്ഷരങ്ങൾ അമിതപ്രഭാവങ്ങളാണെന്നും സർവ്വകാമസിദ്ധിദങ്ങളാണെന്നും മന്ത്രകർത്താക്കന്മാർ ഉൽഘോഷിയ്ക്കുന്നതിൽ പക്ഷാന്തരമില്ല. പക്ഷേ, അതാതിന്റെ ഉപാസനകൊണ്ടു പരിശുദ്ധമായ മുഖത്തുനിന്നു പുറപ്പെടുമ്പോഴേ അത്രയും മാഹാത്മ്യം അതിനുണ്ടാകൂ. എന്നാൽ ആവക അക്ഷരങ്ങൾ മനഃപൂർവ്വമല്ലാതെ ചിലരുടെ മുഖത്തുനിന്നു പുറപ്പെടുകയും, അവർക്കു മോക്ഷം കിട്ടുകയും ചെയ്തിട്ടുണ്ടെന്നും മറ്റും പൌരാണികന്മാർ ചില ഐതിഹ്യരൂപേണ ജനങ്ങളെ മനസ്സിലാക്കിയിട്ടുള്ളതു പാഴാകുന്നമല്ലോ എന്നൊരു വാദമുണ്ട്. ശരി, അതിനും സമാധാനമുണ്ട്: അവർ അങ്ങിനെ പറഞ്ഞിട്ടുള്ളതിന്റെ ഉദ്ദേശം ജനങ്ങൾക്ക് അതിൽ ആസ്തിക്യബുദ്ധി ഉണ്ടാകണമെന്നു മാത്രമാണ്. ഏതുകാര്യവും ഉദാഹരണപുരസ്സരം പറയുന്നതായാൽ ആ കാര്യം ദൃഢമായി ഉള്ളിൽ പതിയുവാൻ വളരെ എളുപ്പമുണ്ടല്ലോ.

'നാവേറ്' ഏല്ക്കുക എന്നു നാം സാധാരണ പറഞ്ഞുവരാറുണ്ട്. ഇതെങ്ങിനെ സംഭവിയ്ക്കുന്നു എന്നു നോക്കാം. ഒരാ

ൾ കൌതുകകരമായ വസ്തുവെ കാണുന്നു. തൽക്ഷണം അതിനെസ്സംബന്ധിച്ചു വല്ലതും പറയുന്നു. അതുനിമിത്തം അതിനു വല്ല കേടും സംഭവിയ്ക്കുന്നു. ഇതിനാണ് നാം നാവുരമേൽക്കുക എന്നു പറയുന്നത്. ഇതു വാക്കിന്റെ മാത്രം ശക്തിയാണോ? അല്ല. ഏതു സാധനത്തെ കാണുന്നുവോ, ആ സാധനത്തിൽ ദ്രഷ്ടാവിന്റെ കൌതുകാവിഷ്ടമായ മനസ്സു ലീനമാകുന്നു. എന്നാൽ, രമണീയവസ്തുവെ കാണുമ്പോൾ ഉണ്ടാകാവുന്ന ഉല്ലാസം മാത്രമല്ല, അപ്പോൾ ആയാളുടെ ഉള്ളിൽ ഉണ്ടാകുന്നത്; പിന്നെയോ "അതു തന്റേതായില്ലല്ലോ" എന്നു, ലോഭജന്യമായ അനുതാപം കൂടിയുണ്ടാകുന്നു. അതുകൊണ്ടു മലിനമായ മനസ്സ് ആ വസ്തുവിൽ സക്തമാകുമ്പോൾ അതു ദുഷിച്ചുപോകുന്നു. ഇതിൽ വാക്കിന് അപരാധമുണ്ടോ എന്നുതന്നെ സംശയമാണ്. പക്ഷേ, പുറത്തു മര്യാദയും, അകത്തു കളവുമുള്ള ചില ദുഷ്ടന്മാരെപ്പോലെ, മനസ്സു വാക്കിനെ മുന്നിൽ ചാടിച്ചു സാധാരണ ജനങ്ങളുടെ ദൃഷ്ടിയിൽനിന്നു തന്റെ ദോഷം മറച്ചുവെയ്ക്കുവാൻ നോക്കുന്നു എന്നേ ഉള്ളൂ. എന്നാൽ രമണീയവസ്തുക്കളെക്കണ്ടു കൌതുകം തോന്നി വല്ലതും പറയുന്നവർ പലരുമുണ്ട്. അവരെല്ലാം ഈ വിധം "കരിനാവന്മാർ" ആകുന്നില്ലല്ലോ. ഇതിനുള്ള കാരണം, ലോഭദുഷ്ടമായ മനോഭാവത്തിന്റെ പ്രേരണയോടുകൂടിയല്ല ആ (രമ്യവസ്തുവിനു ദോഷം തട്ടിയ്ക്കാത്ത) വാക്കുകൾ പുറപ്പെടുന്നത് എന്നേ

മംഗലം.

വിചാരിപ്പാൻ വഴികാണുന്നുള്ളൂ. 'കണ്ണാപ്പെടുന്ന'തിൽ വാക്കിന്റെ ആവശ്യമില്ലാത്തതുപോലെ തന്നെ ഇതിലുമില്ല. പക്ഷേ, ദ്രഷ്ടാവിന്റെ അക്ഷമത്വം നിമിത്തം പൊട്ടിപ്പുറപ്പെടുന്ന വാക്കു നിമിത്തം ഒരു വസ്തുവിനു കേടു തട്ടുന്നതിനു 'നാവൂറ്' എന്നും, വെറും നോട്ടംകൊണ്ടുമാത്രം കേടു തട്ടുന്നതിനു 'കണ്ണാപ്പെടുക' എന്നും പറഞ്ഞുവരുന്നു എന്നേ ഉള്ളൂ. കാര്യം രണ്ടും ഒന്നുതന്നെയാണ്.

തപസ്സും വ്രതവുമുള്ള മഹാബ്രാഹ്മണരുടെ ശാപാനുഗ്രഹങ്ങൾ പലപ്പോഴും ഫലിച്ചിട്ടുള്ളതായി പുരാതനചരിത്രങ്ങളിൽ നിന്ന് നമുക്ക് ഗ്രഹിപ്പാനിടവന്നിട്ടുണ്ട്. കാലത്തിന്റെ ഗതിഭേദം നിമിത്തം അങ്ങിനെയുള്ള മഹാന്മാർ ഇക്കാലത്തു വളരെ ചുരുക്കമാണെങ്കിലും, ഉള്ളവരുടെ ശാപത്തിനും അനുഗ്രഹത്തിനും ഇപ്പോഴും നല്ല ഫലം കാണുന്നുമുണ്ട്. ഇത് അവരുടെ മനഃശക്തികൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടു സാധിക്കുമോ? നമ്മളൊക്കെയും വാക്കുകളെക്കൊണ്ടു പെരുമാറുന്നവരാണല്ലോ. നമുക്കിതു സാധിക്കുമോ? ഇല്ല. ഇങ്ങിനെ നോക്കുന്നതായാൽ വാക്കുകൾക്കു ജീവൻ കൊടുക്കുന്നതു മനസ്സാണെന്നു സമ്മതിയ്ക്കാതെ നിവൃത്തിയില്ല. അതിനാൽ വാക്കുകളെക്കൊണ്ടു കൈകാര്യം ചെയ്യുന്നവർ, ചുരുക്കിപ്പറയുന്നതായാൽ മനുഷ്യരെല്ലാം, മനസ്സിനു ശക്തി കൂട്ടുവാനാണ് ഒന്നാമതായി ശ്രമിയ്ക്കേണ്ടത്.

—കുറിപ്പുറത്തു കിട്ടുണ്ണിനായർ.

## “ഉദ്യാനത്തിലെ തേന്മാവ്”

പ്രാരബ്ധമാകുമൊരരുമ്പു വിടൎന്നതിന്ന്
സൌരഭ്യമങ്ങിനെ പരന്നു വരും ജഗത്തിൽ
നേരായ് ഫലാകൃതിയിൽ വന്നതു മാഞ്ഞുപോകു-
മാ രോചകശ്രുതികളിങ്ങിനെ യോതിടുന്നു. (൨൩)

അന്നത്ര ദുഃഖമിയലുന്നവനെങ്കിലും നീ
“സൌന്ദൎയ്യവും സുഖവുമങ്ങൊരു കാലമെല്ലാം”
എന്നങ്ങുറച്ചു ബത! ഞാനുമടങ്ങി; ദുഃഖം
നന്നോൎക്കിൽ; വെട്ടമിരുളേറുകിലേ ലസിക്കൂ! (൨൪)

ശോകത്തിലേ കടുവിരക്തി വരൂ! മനസ്സി-
ന്നാകാത്ത ജന്മഗൃഹ,മങ്ങയലാൎന്നിടുന്നോർ,
ശ്രീ, കാന്ത; വൻകലഹ,മെന്നിവയാണു മൂല-
മാകുന്നതിന്നു; വിഷയിക്കിവ മുക്തിമാൎഗ്ഗം. (൨൫)

കങ്കാളവും, ചുടലയും, ചിതയും ഭവാന്നു
സങ്കോചകാരികളതെങ്കിലു,മന്നു നന്നായ്
ശങ്കാവിദൂരമുലകിന്റെയമോഘതത്വം
വങ്കാറിടിക്കു മഴപോലെ നിനക്കു നൽകി. (൨൬)

ബാല്യം കഴിഞ്ഞളവിലങ്ങിനെ വന്നുചേൎന്നു
കല്യം മനോജ്ഞരുചി തൂവിയ യൌവനം താൻ
അല്ലിൽ പരന്ന പുതുചന്ദ്രിക പോൽ ഭവാനെ
മെല്ലെപ്പുതുക്കി ദിവസാപ്രതി മോടിയാക്കി. (൨൭)

അംഗങ്ങൾ മോഹനവിഭക്തഘനങ്ങളായി
വിങ്ങുന്ന നൽക്കിസലയങ്ങളണിഞ്ഞു പാരം
ഭംഗ്യാ തഴച്ചു, കളകോകിലകൂജിതങ്ങ-
ളെങ്ങും മുഴങ്ങി, യുവലോകമുണൎന്നു പോയി. (൨൮)

ശോകാന്ധനായ് ത്രികരണങ്ങൾ കരിഞ്ഞു ഭാവ-
വൈകല്യമാൎന്നരിയ ജീവനുഴന്നിടുന്നോൻ
ഹാ! കാലപാശമതൊഴിഞ്ഞുടനാശ്വസിച്ചു-
നാകേന്ദ്രനൊത്ത നിലയാൎന്നതു മാൎറിഞ്ഞൂ? (൨൯)

വേണുക്കളെങ്ങിനെ മരുത്തിലുലഞ്ഞു വംശ-
കൃത്യം നടത്തിയിടയിൽ പികഗായമാൎന്നു
താലച്ഛദങ്ങൾ തകിലിട്ടു, വസന്തലക്ഷ്മി-
യാട്ടം തുടങ്ങി, രസഭാവസമൃദ്ധിയോട്ടം. (൩൦)

വീൎപ്പിട്ടു തെന്നലണയുന്നു സുഗന്ധപൂര-
മേല്പിച്ചിടുന്നു, ചൊരിയുന്നു,തിശീകരങ്ങൾ;
കല്പിച്ചിടുന്നു, ലതികാവലിയോടു നാട്യ-
മൎപ്പിച്ചിടാൻ മലരെറിഞ്ഞുപചാരപൂൎവം. (൩൧)

“എന്തിന്നു ഘോഷമിഹ ശോഭനേ”മെന്നു നല്ല
സന്തോഷമോടരുണസാരഥി നോക്കിടുന്നു
എന്തുന്നു താമരസകോശമുടൻ തുറന്നു
ചിന്തുന്ന ലക്ഷ്മി, ഗണനയ്ക്കു പൊലിക്കുവാനായ്. ()

ഇന്ദ്രന്റെ ദിക്കധികമായ തെളിവാൎന്നിതാസ്യം
സിന്ദൂരമൊത്ത നിറമേററനു രക്ത പോലേ
ഇന്ദുപ്രദീപമവളൂതി, യെടുത്തുകൊണ്ടു-
പോന്നിങ്ങു വാരുണഹരിത്തു ശുദ്ധമാക്കാൻ (൩൩)

പീതങ്ങളാം രവികരങ്ങൾ പരന്നു വൃക്ഷ-
ജാതങ്ങളും പുടവയാൎന്നതു പോൽ വിളങ്ങി
ജാതാനുരാഗമവ വള്ളികളൊത്തു മന്ദ-
വാതത്തിലൊന്നിളകിയുത്സവ യാത്ര പോലേ. (൩൪)

ഹാ! ധന്യനാം യുവരസാല! ഭവാൻ; ഭവാന്നു
സാധൎമ്മ്യമാൎന്നൊരു മഹീരുഹമെങ്ങു ഭുവിൽ?
ബാധം വെടിഞ്ഞു പദമിന്നു ലഭിച്ചധൃഷ്യം
മാധുൎയ്യമാൎന്നുപവനത്തിലിതുത്സവം താൻ, (൩൫)

പ്രാപിച്ചു സൎവസുഖഭോഗമനന്യലഭ്യം
ശ്രീപാദപീഠതലപാലിതലോകനാകും
ഭൂപാലകന്റെ മഹിതോപവനത്തിൽ നട്ടു-
ദീപിച്ച നിന്റെ മഹിമാവിതിനാൽ ഗ്ഗണിക്കാം! ()

ഓൎമ്മിക്കുമോ കഥ പുരാതനമിന്നു, നിന്റെ
ശൎമ്മത്തിലുള്ള മഹിമാവിൽ മഹത്തരൻ നീ;
നൎമ്മാനുചൎയ്യമിനിയേതു മരത്തിനാണു
നിൎമ്മിച്ചിടുന്നു തിരുവുള്ള മുണൎന്നു വന്നാൽ? (൩൭)

പൂത്തുല്ലസിച്ച മധുമാധവി വന്നു നിന്റെ-
യത്യന്ത കോമളമനോഹരശാഖയാൎന്നു,
ഓത്തല്ലി ഞാനിതിനു മുമ്പു നിനച്ചകാൎയ്യം?-
മെത്താത്ത ദിക്കിലുമൊരിക്കലെണയ്ക്കുമീശൻ. (൩൮)

അവിദ്ധ്യനാഗരികതാഗുണകാമ്യയായ
പൂവാട്ട മാധവിയൊടൊത്തു സുഖിച്ചിടുമ്പോൾ
ആ വന്യവല്ലരികളോട്ടു വെറുത്തിടാം നീ
യാവോ? ഭവാന്റെ നില വാസന പോലെയല്ലി? ( )

ആരാകിലെന്തു? ചെറുജീവികളോട്ടു പോലു-
മോരേണമാത്മസുഖസാമ്യമപാരബോധം
ശ്രീരാജിമൂലമഭിമാനമുടച്ചു വാഴ്ക
പാരിങ്കലാശയൊഴിവായ മഹാപദത്തിൽ. (൪൦)

ആരോ നിരാശനവനാം ധനികൻ ജഗത്തി-
ലോരോ പദാൎത്ഥവുമനിത്യമഴിഞ്ഞുപോകും
ആ രാജഭോഗവുമനാദി പരാത്മബോധ-
മോരുന്നവന്നു തൃണമാം ക്ഷണികപ്രിയത്താൽ. (൪൧)

കല്യാന്തികത്തിലുളവായ തൃണങ്ങൾ പോലെ-
യല്ലോ ഭവാന്നു നവയൌവനമാൎന്നിപ്പോൾ;
ചൊല്ലാൎന്നമാധവിയുമേറെയടുത്തു പിന്നെ
മെല്ലെ കുറഞ്ഞുവരുമാ പ്രണയം കഠോരം. (൪൨)

ഇന്നെത്ര ഞാനിവിടെ വന്നറിയാതെ നിന്നു-
വെന്നുള്ളതൊന്നു മതി നിൻ തരുവിന്റെ മാറ്റം
ഉന്നിച്ചിടാം; നൊടുവിൽ നിൻ തലയൊന്നു താഴ്ത്തി
വന്ദിച്ചു, കണ്ടടനെനിക്കു മനസ്സിലായി. (൪൩)

പോകട്ടെ ഞാ;നിനി ഭവാൻ പുരുപുണ്യശാലി
വൈകല്യമററ തപമാൎന്ന മഹൎഷിമാരാൽ
പാകത്തിനൊ,ത്തൊരു മിഴിക്കുപഭോഗ്യനായാ-
ലാകാമമൎത്ത്യതരു, ജാഹ്നസുതാതടത്തിൽ. (൪൪)

—എൻ. കേ. കേരളപണ്ഡിതൻ.

## "ഭാഷാപദപ്രയോഗവ്യത്യസ്തം."

കഴിഞ്ഞ ലക്കം 'പോഷിനി'യിൽ "ഭാഷാപദപ്രയോഗവ്യത്യസ്തം" എന്ന തലവാചകത്തിൻ കീഴിൽ എഴുതിയ ലേഖനം സശ്രദ്ധം വായിച്ചു. ഭാഷാഭിലാഷികൾ സൎവ്വദാ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന, 'ഭാഷയുടെ സാൎവ്വത്രികമായ ഐകരൂപ്യം' വരുത്തുവാൻ ആ മാതിരി ഉപന്യാസങ്ങൾ അത്യന്തോപയുക്തങ്ങൾ തന്നെയാണു്, സംശയമില്ല. എന്നാൽ ലേഖനകൎത്താവു പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങൾ മുഴുവനും ശരിവെയ്ക്കാൻ കുറെ പ്രയാസമുണ്ടു്. അങ്ങനെ, ഇങ്ങനെ എന്ന തമിഴ്പദങ്ങളിൽ നിന്നു് അങ്ങനെ, ഇങ്ങനെ, എന്നിവ ഉത്ഭവിച്ചിരിക്കയാൽ, തിരുവിതാംകൂർകാരുടെ പ്രയോഗമാണു് ശരിയായിട്ടുള്ളതെന്നു് അദ്ദേഹം പറയുന്നു. ഈ അഭിപ്രായം സ്വീകാരയോഗ്യമോ എന്നു ഞാൻ സംശയിക്കുന്നു. ഒരു ഭാഷയിൽ നിന്നു മറെറാരു ഭാഷയിലേക്കു വല്ല പദവും അംഗീകരിക്കുമ്പോൾ, ആ പദത്തിന്റെ ആകൃതിക്കും പ്രകൃതിക്കും മാററം വരുത്തിക്കൂടെന്നില്ല; നേരേമറിച്ചു്, അംഗീകരണം ചെയ്യുന്നഭാഷയുടെ സ്ഥിതിയനുസരിച്ചു ഭേദഗതികൾ വരുത്തേണ്ടതാണു്. ഇംഗ്ലീഷുഭാഷയിൽ, ലേററിൻ, ഫ്രെഞ്ചു്, മുതലായ അന്യഭാഷകളിലുള്ള അനവധി പദങ്ങളെ, ചേൎത്തിട്ടുണ്ടു്; എങ്കിലും, ഇംഗ്ലീഷുഭാഷയിലാക്കുമ്പോൾ, അവയ്ക്കു് ഒരു "ഇംഗ്ലീഷ്ത്വം" കല്പിച്ചുകൊടുക്കുക പതിവാണു്. ഇതുതന്നെയാണു് ഉത്തമമായ രീതിയും എന്നു തോന്നുന്നു. അങ്ങനെ, ഇങ്ങനെ എന്ന പദങ്ങൾ അതേപ്രകാരത്തിൽ എഴുതി, തമിഴിൽനിന്നുത്ഭവിച്ചിട്ടുള്ളവയാണെന്നു വിളംബരപ്പെടുത്തേണ്ടു

ന്ന വല്ല ആവശ്യവും ഉണ്ടോ? തിരുവിതാംകൂറിൽ, തമിഴും മലയാളവും ആയിട്ടുള്ള സംബന്ധത്തിന്റെ ആധിക്യംകൊണ്ട് അതാണ് ശരിയെന്ന്, അവിടെയുള്ളവർ സിദ്ധാന്തിക്കുന്നു എന്നേ ഞാനിതിനു പറവാൻ കാണുന്നുള്ളു. 'അടക്ക' മുതലായ പദങ്ങളുടെ അർത്ഥവ്യത്യാസം കാണിപ്പാൻ 'യ'കാരം ചേർക്കണമെന്നു ശാഠ്യം പിടിക്കുന്നവർ, 'അങ്ങനെ' എന്നുള്ളത് ഇപ്രകാരം ആലോചിച്ചിട്ടെങ്കിലും, 'അങ്ങിനെ' എന്നാക്കുന്നതാണ് അധികം യുക്തം എന്ന് അഭിപ്രായപ്പെടാൻ മടിക്കുന്നത് എന്തുകൊണ്ടാണാവോ? കൂടാതെ, 'അങ്കനേ, ഇങ്കനേ' എന്ന തമിഴ പദങ്ങളിൽനിന്നാണ് മേല്പടി പദങ്ങൾ ഉത്ഭവിച്ചിട്ടുള്ളതെങ്കിൽ, അധികം ശരിയായിട്ടുള്ള 'അങ്കനേ, ഇങ്കനേ' എന്നുതന്നെ ഉച്ചരിക്കരുതോ? അതുപ്രകാരം തന്നെ എഴുതുകയും ചെയ്യരുതോ? മലയാളത്തിലുള്ള 'ഉറുപ്പിക', 'കഞ്ഞി', 'മുളകുതണ്ണി', മുതലായവ ഇംഗ്ലീഷിലാകുമ്പോൾ 'റുപ്പീ', 'കഞ്ചി', 'മിളക്ടോണി' എന്നിങ്ങിനെയായി മാറുന്നതിന്റെ യുക്തിയും ആവശ്യവും ആലോചിക്കേണ്ടതാണ്.

തലശ്ശേരി.

പിന്നെ, 'മുൻപെട്ട്' എന്നേ പ്രയോഗിക്കാവൂ പോൽ! 'മുമ്പോട്ട്' എന്ന പദം പ്രയോഗിക്കുന്നതു തെററാണത്രേ! എന്നാൽ 'മുമ്പോട്ട്' എന്ന പദമേ പാടില്ലെന്നു പറയുന്നതിന്റെ യുക്തി എന്തായിരിക്കും?

—ടി. വി. രയരപ്പക്കുറുപ്പ്.

## ധമ്മം ജയിക്കും.

[1]

രമണിബാബു ഒരു വലിയ ബങ്കാളി ജമിന്ദാരായിരുന്നു. അദ്ദേഹം ഫിബ്രുവരി മാസത്തിൽ ഒരുദിവസം രാവിലെ തന്റെ കുടിയാന്മാരെയെല്ലാം വിറപ്പിക്കത്തക്ക വിധത്തിൽ ഒരു നോട്ടീസ് അവരുടെ ഇടയിൽ പ്രചരിപ്പിച്ചു. നോട്ടീസിന്റെ സാരം, അടുത്തമാസം 10-ാംനു-ക്കോ അതിനു മുമ്പോ എല്ലാവരും അവരവരുടെ പാട്ടം മിച്ചവാരം മുതലായവ ഒരു പൈപോലും ബാക്കിവെക്കാതെ അടച്ചുകൊള്ളണമെന്നായിരുന്നു. ഈ സംഗതി മനസ്സിലായ ഉടനെ തന്നെ, ചിലർ പാട്ടം അടക്കുവാൻ ഓടുകയും, മററു ചിലർ നാടെങ്ങും കടം യാചിച്ചുംകൊണ്ട് അലഞ്ഞുതിരിഞ്ഞു നടക്കുകയും, വേറെ ചിലർ എന്താണ് ചെയ്യേണ്ടതെന്നു തീർച്ചയാക്കുവാൻ ശക്തിയില്ലാതെ തല താഴ്ത്തിയിരിക്കുകയും ചെയ്തു. ബങ്കാളരാജ്യത്തിൽ എല്ലാം ഭൂമിയുടമസ്ഥന്മാക്കും ജനുവരി, മാച്ച്, ജൂൺ, സെപ്ടമ്പർ എന്നീ മാസങ്ങളിൽ 28-ാംനുക്കു നാലു തവണയായി നികുതി അടക്കേണ്ടതുണ്ട്. യാതൊരുത്തർ ആ തിയ്യതിക്ക് സൂര്യാസ്തമനത്തിനു മുമ്പ് അടക്കുവാൻ അശക്തനായി തീരുന്നുവോ അ

വനെ കുററക്കാരനായി ഗണിക്കുകയും, അവൻെറ വസ്തുക്കളെ നികുതി വസൂൽചെയ്യുന്നതിന്നായി ഗവമ്മേണ്ടിൽനിന്നു ലേലത്തിൽ വില്ക്കുകയും ചെയ്യും. ലക്ഷോപലക്ഷം ഉറുപ്പിക വിലപിടിക്കുന്ന വസ്തുക്കളെ കൂടിയും നിസ്സാരമായ എട്ടണയോ മറേറാ കുടിശ്ശിക ഈടാക്കുന്നതിന്നായി ലേലത്തിൽ വിററിട്ടുണ്ട്. കിസ്തുദിവസങ്ങൾ അടുത്തു വരുമ്പോൾ ജന്മികൾക്ക് ആധി ആരംഭിക്കുകയായി; അവരിൽ ചിലർ തങ്ങളുടെ ഭാര്യമാരുടെ ആഭരണങ്ങൾ പണയം വെച്ചു വേണ്ടപ്പെട്ട പണം കടംവാങ്ങി നികുതി അടപ്പാൻ നിർബ്ബന്ധിതരായി തീരുന്നത് അപൂർവ്വ സംഭവമല്ല.

18— മാർച്ച് മാസം 28-ാംനു നമ്മുടെ ജമിന്ദാരായ രമണിബാബുവിന്നു 10,000ക നിലനികുതി അടയ്ക്കാനുണ്ടായിരുന്നു. പക്ഷേ, മഴയില്ലായ്കനിമിത്തം, തൻെറ കുടിയാന്മാരുടെ കൃഷി മോശമായിപ്പോയതിനാൽ ഫിബ്രുവരി മാസാവസാനത്തോടുകൂടി 1000ക യേ കുടിയാന്മാരിൽനിന്നു പിരിച്ചെടുക്കുവാൻ സാധിച്ചുള്ളു. ഈ സ്വല്പസംഖ്യ ഈടാക്കിയതു തന്നെ കുടിയാന്മാരെ വല്ലാതെ പേടിപ്പിച്ചിട്ടായിരുന്നു. ഇന്ത്യയിലെ കുടിയാൻെറ വിധി അധികം സുഖകരമല്ലല്ലോ. ഭൂമിയിൽ വിളവുണ്ടാകുന്നതിനെ ആശ്രയിച്ചു മാത്രമാണ് അവൻെറ നിത്യവൃത്തി; മഴ അധികമാവുകയോ, ഇല്ലാതെ ആവുകയോ ചെയ്താൽ അവന്നു പൂർണ്ണപ്രയത്നഫലം സിദ്ധിക്കുന്നതുമല്ല. ജന്മിക്കു പാട്ടം മിച്ചവാരം അടയ്ക്കുന്നതിന്നായിട്ട് അവർ പലപ്പോഴും ഉണ്ടികക്കച്ചവടക്കാർക്ക് അടിമപ്പെടുന്നുണ്ട്. അവരുടെ പലിശ, പലിശയ്ക്കു പലിശ ഇവയെല്ലാം തിട്ടമാക്കി കഴിഞ്ഞപ്പോഴേയ്ക്കു കുടിയാന്മാർക്കു കഞ്ഞിക്കു കഷ്ടിയായി വല്ലതും കിട്ടുന്നതേയുള്ളു. അനേകായിരം കൊല്ലങ്ങളായി അവരുടെ പൂർവ്വികന്മാർ അടിമകളായിരുന്നതുകൊണ്ടും, ഏററവും സാധുശീലത്തെ പ്രകടിപ്പിക്കുന്ന മതം അവർ കൈക്കൊണ്ടിരിക്കുന്നതുകൊണ്ടും അവർ വളരെ വണക്കവും ഇണക്കവും ഉള്ളവരായിട്ടാണ് ഇപ്പോഴും കണ്ടുവരുന്നത്. സങ്കടം സഹിക്കാൻ വയ്യാതെ ആകുമ്പോൾ മാത്രമേ, അവർ വല്ലതും പിറുപിറുക്കുന്നുള്ളു.

സാധുഷെയിക്ക് എന്നൊരു മുഹമ്മദീയൻ രമണിബാബുവിൻെറ കുടിയാനായിരുന്നു. അവൻ സസ്യങ്ങൾ ധാരാളം കൃഷിചെയ്തു, അവയെല്ലാം സമീപത്ത് ഒരു ജമിന്ദാരായ കുമുദിനിബാബുവിൻെറ ചന്തയിൽ കൊണ്ടുപോയി വിററ് ഉപജീവനം കഴിച്ചുവന്നു. കുമുദിനിബാബുവിൻെറ ചന്തയുടെ ഖ്യാതി രമണിബാബുവിന്ന് അസഹ്യമായിരുന്നതിനാൽ രമണിബാബുവിൻെറ കിങ്കരന്മാർ ചെന്നു നമ്മുടെ സാധുവിനെ നല്ലവണ്ണം പ്രഹരിച്ച്, ആ ചന്തയ്ക്കു പോകാതെയാക്കിത്തീർത്തു. ഈ ഒരു ഉപജീവനമാർഗ്ഗം അടഞ്ഞുപോയതിനാൽ, അവൻ സസ്യകൃഷി ഉപേക്ഷിച്ചു; അതിനാൽ അധികമധികം കടം മേടിക്കേണ്ടതായി വരികയും ചെയ്തു. ഈ അവസരത്തിലാണ് മാർച്ചുമാസം 17-ാംനു രമണിബാബുവിൻെറ കച്ചേരിസ്ഥലത്തു ഹാജരാവണമെന്ന് അവന് ഒരു നോട്ടീസ് കിട്ടിയത്. തൻെറ ഗ്രാമത്തിലെ ബാങ്കുകാരൻെറ അടുക്കൽനിന്നു പണം കടംമേടിക്കുവാൻ ശ്രമിച്ചതു നിഷ്ഫലമായി എന്നു മാത്രമല്ല, ആയാൾ പഴയ കടം തിരിക്കുന

തിന്നു നിർബ്ബന്ധിച്ചുതുടങ്ങുകയും ചെയ്തു. അതുകൊണ്ടു വളരെ വിഷാദത്തോടുകൂടി, വരുന്നതു വരട്ടെ എന്നുറച്ചു വീട്ടിലേയ്ക്കു മടങ്ങി. നോട്ടീസിൽ കാണിച്ച ദിവസം ശരിക്കു സാധു ഷെറിക്ക് കച്ചേരിയ്ക്കു ചെന്നു. അവിടെ രമണിബാബു നികുതി വസൂൽ ചെയ്യുന്നതിന് ഇരിക്കുന്നതും, അനേകം കുടിയാന്മാർ, യാഗത്തിന്നു കൊണ്ടുപോകുന്ന ആടുകളെ പോലെ തല താഴ്ത്തി ജമിന്ദാരുടെ അരികെ ചെല്ലുന്നതും കണ്ടു. അപ്പോൾ അവിടെ ഒരു ബഹളം നടക്കുന്നുണ്ടായിരുന്നു. ബീമണി എന്ന ഒരു കുടിയാൻ അന്നേദിവസം വരെ കൊടുക്കേണ്ടുന്ന പാട്ടം കൊടുത്തുകഴിഞ്ഞു എന്നും, രമണിബാബുവിന്റെ ഗുമസ്ഥൻ അങ്ങിനെ ഉണ്ടായിട്ടില്ലെന്നും, ഒരു തർക്കം അതിഃക്രമമായി നടക്കുകയായിരുന്നു. നിർഭാഗ്യവശാൽ ബീമണി, സാധാരണ കുടിയാന്മാരുടെ ഇടയിൽ സംഭവിക്കാറുള്ളതു പോലെ, രസീതുണ്ടുകളെല്ലാം എവിടെയോ വെച്ചു കളഞ്ഞുപോയി. താൻ പാട്ടം മുഴുവനും കൊടുത്തുകഴിഞ്ഞു എന്നു ഹപ്പാവിനെ പിടിച്ചു സത്യം ചെയ്തുവെങ്കിലും, പ്രയോജനമൊന്നുമുണ്ടായില്ല. ഇരുപത്തിനാലുമണിക്കൂറിന്നകം പാട്ടം കൊടുത്തിട്ടില്ലെങ്കിൽ, കഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നു, ഗുമസ്ഥൻ അവനെ പേടിപ്പിച്ചു. ഈ അന്യായംകൊണ്ടു ബീമണി കോപാക്രാന്തനായി തീരുകയും, താൻ വീണ്ടും പാട്ടം കൊടുക്കുന്നതല്ലെന്നു പറകയും ചെയ്തു.

രമണിബാബു:— എടാ, കഴുതെ! നീ എന്റെ കല്പന അനുസരിക്കുമോ, ഇല്ലയോ?

ബീമണി:—(കോപത്തോടെ) ഇല്ല, ഞാൻ അനുസരിക്കില്ല. ഞാൻ ഒരിക്കൽ കൊടുത്തുകഴിഞ്ഞു; വീണ്ടും ഞാൻ തയ്യാറില്ല.

ഉത്തരദേശത്തിൽനിന്നു താൻ വരുത്തീട്ടുണ്ടായിരുന്ന തവണക്കാരൻ വാതില്ക്കൽ നില്ക്കുന്നുണ്ടായിരുന്നു. രമണിബാബു അവനെ നോക്കി:— "സർവ്വേശർ! നിന്റെ ചൂരലിന്റെ രുചി ഒന്ന് ഈ അധികപ്രസംഗിക്കു കാണിച്ചു കൊടുക്കൂ!"

ഇടപ്പള്ളി.

—നാരായണരാജാ.

## പോഷിണീഭാഷണം.

ഇപ്പോൾ മലയാളത്തിലെങ്ങും മനം കുളിർപ്പിക്കുന്ന ഒരു പ്രഭാതമാരുതൻ വീശിത്തുടങ്ങിയിട്ടുണ്ട്. സമുദായസംസ്കരണം, സമുദായസംസ്കരണം എന്നിങ്ങിനെ ഈ പുലർകാലപ്പെരുമ്പറകളിൽനിന്നു പുറപ്പെടുന്ന ശബ്ദം എത്ര ഊർജ്ജസ്വലവും, ഉന്മേഷജനകവുമായിരിക്കുന്നു! ഓരോ സമുദായവും ഉണർന്നെഴുന്നേറ്റു ജീവിതപ്പോരിന്നുതകുന്ന 'കച്ചകെട്ടിപ്പയററൽ' ആരംഭിച്ചുകഴിഞ്ഞു. എന്നാൽ, അതാതു കളരികളിലെ ആശാന്മാർ, ഏതവസ്ഥയിലും വിദേശീയരോടൊപ്പം മുന്നണിയിൽ നില്പാന

ണ്, തമ്മിൽത്തമ്മിൽ പൊരുതാനല്ല ഈ അഭ്യാസം എന്നു ശിഷ്യരോടു വേണ്ടുംവണ്ണം ഉപദേശിക്കാഞ്ഞിട്ടോ, എന്തോ നമ്മുടെ ഇടയിൽ ഒരു പന്തിയല്ലാത്ത 'തൊഴുത്തിൽക്കുത്തി'ന്റെ ഛായ പതിഞ്ഞു കാണ്മാനുണ്ട്. നമ്പൂരിക്കു നായരെ പരിഹസിക്കണം; നായർക്കു നമ്പൂരിയെ നാടുകടത്തണം. ഈ രണ്ടുപേരേയും ഈഴവൻ ഈർഷ്യാകലുഷമായ കണ്ണുകൊണ്ടേ നോക്കൂ; പുലയൻ 'പുറന്തട്ടാ'കുന്നതാണ് മററുകൂട്ടർക്കു രസം! ഇങ്ങിനെ, തന്റെ മക്കളൊക്കെ, സഹോദരഭാവം മറന്നു, 'ഞാനോ നീയോ' എന്ന മട്ടിലായാൽ സാധുവായ കേരളഭൂമാതാവിന്നു സമാധാനമെവിടെ? സമുൽകർഷമെവിടെ?

* * *

ഒരു സമുദായം ഇതരസമുദായങ്ങളെ അധിക്ഷേപിക്കുക എന്നതു, സമുദായപരിഷ്കാരത്തിന്റെ അപ്രധാനമെങ്കിലുമായ ഒരംഗമാണെന്നു തോന്നുന്നില്ല.

'സ ജാതോ യേന ജാതേന യാതി വംശസ്സമുന്നതിം' എന്നാണല്ലോ, ലോകം കണ്ടറിഞ്ഞ ഭർത്തൃഹരി പറഞ്ഞിട്ടുള്ളത്. 'സമുദായപരിഷ്കർത്താവ്' എന്ന സ്ഥാനം വളരെ വളരെ വിലയേറിയതാകുന്നു. കയ്യിൽ 'കോപ്പ്' ധാരാളമുള്ള ആൾക്കേ അതു സമ്പാദിപ്പാൻ കഴിയൂ. സ്വാർത്ഥപ്രതിപത്തിയോ, കീർത്തിലോഭമോ നിമിത്തം നായകനായി പുറപ്പെടുന്നവന്റെ പിന്നാലെ നടക്കാൻ ഒരു സമുദായം ഒരുങ്ങുന്നതല്ല. സമുദായത്തെ സംബന്ധിച്ച ഒരു സംഗതി ഒന്നോ രണ്ടോ അംഗങ്ങൾക്കു മാത്രം തോന്നിയാൽ പോരാ; അതു സമുദായപൂർണ്ണപുരുഷന്റെ ഹൃദയകുഹരത്തിൽ മുളച്ചു [illegible]ന്നു പടരണം. ലോകചരിത്രപ്രസിദ്ധമായ ഈ വാസ്തവത്തിന്നു പുതിയ ദൃഷ്ടാന്തം വേണമെങ്കിൽ, തിരുവിതാംകൂറിൽനിന്നു പോന്ന് എറണാകുളത്തു ബോട്ടിറങ്ങിയിരിക്കുന്ന നായർഡലേഷനെ എതിരേററു സ്വാഗതംപറയാൻ സന്തോഷമുള്ളവരായി കൊച്ചിരാജ്യത്ത് ആകെ എത്ര പേരുണ്ട് എന്ന് അന്വേഷിച്ചാൽ മതി. വിവാഹബന്ധത്തിന്ന് ഒരു നിയമശൃംഖല ഇല്ലാത്തതുകൊണ്ടു മരുമക്കത്തായക്കാർക്ക് ഒരാപത്തും ഉണ്ടാകാനില്ല; അനുരാഗത്തിന്മേലാണ് ദാമ്പത്യധർമ്മം അടിയുറച്ചു നില്ക്കുന്നത്. ആ പരിപാവനമായ വികാരത്തെ ജനിപ്പിക്കുവാൻ ഒരു രാജനിയമത്തിന്നു സാധിച്ചതായി കേട്ടുകേൾവിയില്ല.

* * *

വിവാഹമോചനത്തിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചു കിട്ടാനാണ്, ഇപ്പോൾ പരിഷ്കാരസമുദ്രത്തിന്റെ മറുകര കണ്ടവരായ യൂറോപ്പുകാർ ശ്രമിക്കുന്നത്, അവരെപ്പോലെയായാൽ ജന്മസാഫല്യമായി എന്നഭിമാനിക്കുന്ന നായർനേതാക്കന്മാരോ, ആ സ്വാതന്ത്ര്യം കളഞ്ഞുകുളിച്ചു, തങ്ങളുടെ സഹോദരിമാരെ കോടതി കയററണമെന്നു സിദ്ധാന്തിക്കുന്നു. വിവാഹപാശം അറുത്തുകളയാൻ ഒരു വിധികർത്താവിന്റെ തുമ്പൽ കൂടാതെ കഴികയില്ലപോൽ! ഭർത്താവു ഭാര്യയെ തക്ക കാരണത്താൽ ഉപേക്ഷിക്കുന്നതായാലും, അവൾക്കു പ്രതിഫലം കൊടുക്കണം; ഭാര്യക്കോ, ഭർത്താവിനെ വെറുംകയ്യോടേ പുറത്തു തള്ളാം. ഈ നില സദാചാരത്തിന്ന് എത്രത്തോളം അനുകൂലമായിരിക്കും? വിവാഹത്തെ തെളിയിക്കുന്നതിന്നു യാതൊരു രേഖയും വേണ്ടെ

ന്നും, വിവാഹമോചനത്തിന്നു റജിസ്ത്രോകോർട്ടുകല്പനയോ വേണമെന്നും നിയമിക്കുന്നതിൽ എന്തൊരു യുക്തിയാണുള്ളത്? ആകപ്പാടെ നോക്കിയാൽ, ഇപ്പോഴത്തെ വിവാഹക്കെട്ടിന്നു ദാർഢ്യം പോരെന്നു കൊച്ചിയിലെ നായന്മാൎക്കു തോന്നുന്നുണ്ടെങ്കിൽ, അവർ മലബാറിലെ വിവാഹാക്കടിനെ അനുവൎത്തിച്ചുകൊള്ളട്ടെ എന്നു വെക്കുകയാണ് യുക്തം.

* * *

'തറവാട്' എന്നതു വലിയൊരവസ്ഥയായിട്ടാണല്ലോ മലയാളികൾ കരുതിവരുന്നത്. താവഴിഭാഗം നിർബന്ധമാക്കിയാൽ തറവാടിന്റെ തറക്കല്ലു തകരും. മലയാളത്തിൽ അനവധി തറവാടുകൾ വളരെക്കാലമായി ഉയൎന്ന നിലയിൽ നില്ക്കുന്നതു കൂട്ടുസ്വത്തിന്റെ താങ്ങൽ കൊണ്ടാണ്. നിർബന്ധഭാഗം കൂട്ടുസ്വത്തിനെ ചിന്നിച്ചിതറിക്കും; അതോടുകൂടി ഇന്നത്തെ സുഭിക്ഷവും, സുഖവും ഔദാൎയ്യവുമൊക്കെ 'ഭാണ്ഡം മുറുക്കുക'യും ചെയ്യും. അവസ്ഥാവിശേഷങ്ങളാൽ ഭാഗം ആൎക്ക് അപരിഹാൎയ്യമായി വരുന്നുവോ, ആ തറവാട്ടുകാർ ദിവാൻപേഷ്ക്കാരാപ്പീസ്സിൽ 'വിഭക്തകുടുംബ'ക്കാരായി റജിസ്റ്റർ ചെയ്തുകൊള്ളട്ടെ: അതല്ലാതെ, ലക്ഷ്മീദേവിയുടെ ചേട്ടത്തിക്ക് അധികാരം വൎദ്ധിപ്പിക്കുന്നതായ ഇത്തരത്തിലുള്ളൊരു നിയമം ഒരു സമുദായത്തിന്റെ മുഴുവൻ തലയിൽ ചുമത്തുന്നതു കഷ്ടമല്ലയോ?

* * *

തറവാടുകളെ തട്ടിയുടയ്ക്കുന്നതിന്നു പകരം അവയെ നിലനിൎത്തുന്നതിന്നാവണം സമുദായനേതാക്കന്മാരുടെ ശ്രമം. കൈകാൎയ്യം നടത്തുന്ന കാരണവന്മാരുടെ കഥയില്ലായ്മകൊണ്ടും, സ്വാൎത്ഥസക്തികൊണ്ടും അനേകം തറവാടുകൾ അധോഗതിയെ പ്രാപിച്ചിട്ടുണ്ട്; പ്രാപിച്ചു വരുന്നുമുണ്ട്. അതിന്നു കാരണവന്മാരുടെ അധികാരത്തെ നിയന്ത്രണം ചെയ്യുന്നതായ ഒരു നിയമം അത്യാവശ്യം തന്നെ. തറവാട്ടിലെ അംഗങ്ങൾക്കു സ്വാൎജ്ജിതധനം കൊണ്ടു മരണപത്രമുഖേന എന്തു ചെയ്വാനും പൂൎണ്ണാധികാരം കൊടുക്കാം. മരണപത്രമില്ലാത്ത പക്ഷം, മരിച്ചവന്റെ സ്വത്തിൽ ഒരംശം തറവാട്ടിലേയ്ക്കുകൂടി കിട്ടേണ്ടതാകുന്നു. ഈ വക സാമുദായികവിഷയങ്ങളിൽ, പൊതുജനങ്ങളുടെ ആന്തരാഭിപ്രായം ശരിയായറിഞ്ഞു പ്രവൎത്തിക്കുന്നതാണ് ഗവൎമ്മേണ്ടിന്റെ ഉത്തമനയം. ഭാൎയ്യയ്ക്കും മക്കൾക്കും മുതൽ കൊടുക്കുന്നത് എറിപ്പോകുന്നു എന്ന മുറവിളി എല്ലാം നായർ തറവാടുകളിലും നാൾക്കുനാൾ വൎദ്ധിച്ചുവരുകയാണ്. ഭൎത്താവിനെക്കൊണ്ടു ഭാൎയ്യാപുത്രന്മാരെ സ്നേഹിപ്പിക്കുകയും, പുലൎത്തിക്കുകയുമൊക്കെ പ്രകൃതിദേവിതാൻ തന്നെ ചെയ്തുകൊള്ളും. പ്രകൃതിവിഹിതത്തിന്നെന്തിനാണ് രാജനിയമം? പഴയതൊക്കെ തുച്ഛവും, പുതിയതൊക്കെ മെച്ചവുമല്ല. മലയാളി മലയാളിയായിത്തന്നെ ഇരിക്കുന്നതാണ് അവനഭിമാനം!

മററസംഖ്യം സദാചാരങ്ങളുടെ എന്നപോലെ, രാജഭക്തിയുടേയും വിളനിലം ഇന്ത്യാരാജ്യം തന്നെയാണ്; ഒരു ഹിന്ദു ജനിച്ചു വളരുന്നതു തന്നെ 'രാജാ പ്രത്യക്ഷദൈവതം' എന്നുരുവിട്ടുംകൊണ്ടാണ്. 'നാവിഷ്ണുഃ പൃഥിവീപതിഃ' എന്നു യാ

തൊരു മതം ഉൽഘോഷിക്കുന്നുവോ; ആ ശ്രേഷ്ഠതരമായ ഹിന്ദുമതത്തിൽ ചിരന്തനമായ വിശ്വാസത്തോടുകൂടി, അതിന്റെ ഉന്നമനത്തിൽ ഉത്സാഹിച്ചുംകൊണ്ടിരിക്കുന്ന ആ വന്ദ്യവയോധികയായ ആനിബെസന്റ് മദാമ്മ രാജാവിന്റെ പ്രീതികേടിനു പാത്രീഭവിക്കുക എന്നത് എത്രയും അത്ഭുതകരമായി തോന്നുന്നു. മദിരാശിയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഒരുത്തമദിനപത്രമായ 'ന്യൂ ഇൻഡ്യ'യുടെ ആധിപത്യം വഹിക്കുന്ന മദാമ്മയെക്കൊണ്ടു മദിരാശിഗവൎമ്മേണ്ട് പ്രസ്സാക്ടനുസരിച്ചു 2,000 ഉറുപ്പിക ജാമ്യം കെട്ടിവെപ്പിച്ച വൎത്തമാനം ഒട്ടും പഴകിക്കഴിഞ്ഞിട്ടില്ലല്ലോ; ഇപ്പോൾ, ഇതാ, ബോംബെ ഗവൎമ്മേണ്ട് മദാമ്മയുടെ പേരിൽ ഒരു നിരോധകല്പന പുറപ്പെടുവിപ്പിച്ചിരിക്കുന്നു. അതിന്റെ സാരം, മദാമ്മേക്കു ബോംബെ സംസ്ഥാനത്തിൽ, ഇനിയൊരുത്തരവുണ്ടാകുന്നതുവരെ കടന്നുകൂടാ എന്നും, ഈ നിരോധത്തെ അതിലംഘിക്കുന്ന പക്ഷം മൂന്നു കൊല്ലത്തെ തടവും പിഴയും അനുഭവിക്കേണ്ടിവരുമെന്നുമാണ്.

* * *

ജാമ്യം കെട്ടിവെപ്പിച്ചതിൽത്തന്നെ, നിസർഗ്ഗശാന്തമായ മദിരാശിസംസ്ഥാനം കൂടി തെല്ലൊന്നിളകിവശായിരിക്കേ, ബോംബേഗവൎമ്മേണ്ട് ഈ പ്രകാരം കല്പിച്ചതു തക്കതായ കാരണത്താലായിരിക്കും എന്നേ നമുക്ക് അനുമാനിച്ചുകൂടു. ആ കാരണം എന്തായിരിക്കാമെന്ന ജിജ്ഞാസ ഇന്ത്യാരാജ്യത്തെ മുഴുവനും ഉൽകണ്ഠാകുലമാക്കിയിട്ടുണ്ട്. ഇയ്യിടയിൽ വെച്ചു രാജ്യഭരണവിഷയത്തിലും മനസ്സിരുത്തിവരുന്ന മനസ്വിനിയായ മദാമ്മയുടെ പരിശ്രമത്താൽ ഇന്ത്യയിൽ അനേകം ഗുണങ്ങൾ ഭവിച്ചിട്ടുണ്ടെന്ന് ആരും സമ്മതിക്കും. ദുൎമ്മാൎഗ്ഗികളായ അരാജകകക്ഷിക്കാർ 'ഹോംറൂൾ' ആകുന്ന സന്മാൎഗ്ഗത്തിലേക്കു തിരിഞ്ഞതുതന്നെ, ആ രണ്ടാംസരസ്വതിയുടെ അന്യാദൃശമായ വാഗ്വിലാസത്തിനു ദൃഷ്ടാന്തമാകുന്നു. എല്ലാംകൊണ്ടും, അവർ ഇന്ത്യക്കാരുടെ നിഷ്കളങ്കമായ സ്നേഹത്തെയും, പ്രീതിയേയും സമ്പാദിച്ചാണിരിക്കുന്നത്. ആ മാന്യമഹതിക്ക് ഈ പശ്ചാൽകാലത്ത് ഇങ്ങനെയൊന്നു സംഭവിച്ചത് എന്തോ ഗ്രഹപ്പിഴയുടെ ഫലമായിരിക്കാം. കാലഗതിക്കു കീഴ്പ്പെടാതെ ലോകത്തിൽ ആരും തന്നെയില്ലല്ലോ.

---

ഞങ്ങളുടെ മാന്യലേഖകന്മാർ ദയചെയ്തു ലേഖനങ്ങൾ അയക്കുന്നത് അതാതുമാസം 20-ാംനു-ക്ക് ഇവിടെ കിട്ടത്തക്കവണ്ണമായാൽ കൊള്ളാമെന്ന് അപേക്ഷിക്കുന്നു.

THE

# STANDARD PHARMACEUTICAL PRODUCTS

കുടുംബ ഔഷധങ്ങൾ.

ഇരുപതുകൊല്ലത്തെ വ്യാപാരം — ഒരിക്കൽ പരീക്ഷിക്കുക—ഗുണമറിയാം.

| | | |
|---|---|---|
| മുഖക്കുരു ഇനി ഇല്ല.<br>“അമെൻഃഡധാൾ”<br>മുഖത്തു ചൊറി, ചിരങ്ങ്, മുഖക്കുരു മുതലായത് ഉണ്ടെങ്കിൽ ക്ഷണം സുഖപ്പെടും.<br>കുപ്പിക്കു വില ക വ. | മൂലക്കുരു ഇനി ഇല്ല.<br>“ബിഃമാൾ”<br>മൂലക്കുരുവിനു സിദ്ധൌഷധം, മൂന്നുപ്രാവശ്യം പുരട്ടിയാൽ അറിയാം ഫലം.<br>കുപ്പിക്കു ക വ—വ്യ—ഠ | മേലിൽ കുരു (പരു) ഇല്ല.<br>“കഃപ്ലാക്കറ”<br>കുരു, ചുണങ്ങ, അരിമ്പാറ മുതലായത് നീക്കിക്കളവാൻ അത്യുത്തമം.<br>കുപ്പിക്കു ‌൧ വ—ണ |
| ഗ്രഹണിരോഗം ഇല്ല.<br>“ഡിസ്സെപ്സിനോൾ”<br>ഗ്രഹണി, ദഹനക്കേട്, വയററിലെ മററു ക്രമക്കേടുകൾ—ഇവയ്ക്കു ഒന്നാന്തരം.<br>കുപ്പിക്കു ക ൧—വ്യ—ഠ | മലമ്പനി ഇനിഇല്ല.<br>“ഫെബ്രിഫ്യുഗൽ”<br>എല്ലാതരം പനിക്കും, വിശേഷിച്ച് വിറപ്പനി, ഗുന്മം മുതലായവയ്ക്കും മെച്ചം.<br>കുപ്പിക്കു ക ൧—ർ—ഠ | വെളുത്ത തലമുടി കാണില്ല.<br>“ഫെയർകായിൽകംമ്പൗണ്ട്”<br>കുറച്ചുനാളത്തെ ഉപയോഗം കൊണ്ടു നരച്ച തലമുടി കറുക്കും. (ചായമല്ല)<br>വില കുപ്പിക്കു ക വ. |
| ക്ഷീണമില്ല<br>“നർവലൻ”<br>വിശപ്പുണ്ടാക്കുക, ഉറക്കമുണ്ടാക്കുക മുതലായവക്കു ഒന്നാന്തരം, തലച്ചോറിനേയും ശരീരത്തേയും പോഷിപ്പിക്കും.<br>കുപ്പിക്കു ക വ—വ്യ—ഠ | കുരക്കുകയില്ല.<br>“പെക്ടോറാല്യം”<br>ജലദോഷം, കുര, എക്കം, ശ്വാസോഛ്വാസത്തിന്നുള്ള തടവ ഇവയെല്ലാം മാററും.<br>കുപ്പിക്കു ക ൧—വ്യ—ഠ | പല്ലുവേദനയില്ല.<br>“ഡെർഡെൻതോൾ”<br>പല്ലുവേദനക്കു കൊണ്ടതും ശ്രുതിപ്പെട്ടതുമായ ഔഷധം.<br>കുപ്പിക്കു ക ഠ—൧ വ—ഠ |

ബങ്കളൂരിലെ ഏജെണ്ട്

## The Medical Supply Company

ST. MARKS ROAD, BANGALORE CANT.



# ജീവദശയുടെ ഉൽ

# കൃഷ്ടോദ്ദേശം

കായബലത്തേയും, മാനസശക്തിയേയും വർദ്ധിപ്പിച്ച സകലഭാഗ്യവും അനുഭവിപ്പാൻ ഇടയാക്കിത്തീർക്കേണ്ടതു് ഈ ജീവദശയുടെ ഉൽകൃഷ്ട ഉദ്ദേശമാണല്ലോ. ഇപ്രകാരം ചെയ്യേണ്ടത് എല്ലാവരുടേയും ധർമ്മമാണ്. ഈ ജീവിതത്തിൻെറ കർമ്മഫലം, ആരോഗ്യം, ധനം, സുഖം ഇവകൾ ആണ്.

# ആതങ്കനിഗ്രഹ

# ഗുളികകൾ

മേല്പറഞ്ഞ ഉൽകൃഷ്ട ഉദ്ദേശത്തെ വെളിപ്പെടുത്തീട്ടു കാലം കുറെയായി. ഈ ഗുളികകൾ ശരീരത്തിന്നും സകല അവയവങ്ങൾക്കും ഭക്ഷണമായിത്തീൎന്ന അവയെ വേണ്ടത്ര പോഷിപ്പിച്ച് ഈ ജീവിതത്തേയും ജോലിയേയും സന്തോഷകരമാക്കിത്തീൎക്കുന്നു.

ഈ ഗുളികകൾ താഴെ വിവരിച്ചിരിക്കുന്ന വിലാസത്തിൽ എഴുതിയാൽ കിട്ടും

൩൨, ഗുളികകളുള്ള ൧ ടിന്നിന്നു വില ക ൧.

വൈദ്യശാസ്ത്രി, മണിശങ്കരഗോവിന്ദജി,
ആതങ്കനിഗ്രഹ ഔഷധാലയം,
൧൭൯, ൧൭൮ ബ്രോഡ് വെ, മദ്രാസ്,
സബ് ആപ്പീസ് ൯൩ മൌണ്ട് റോഡ, മദ്രാസ.

# അമൃതാഞ്ജനം

(റജിസ്റ്റേഡ്)

ഒരിക്കൽ പരീക്ഷിക്കുക! വിസ്മയകരമായ സുഖപ്രാപ്തി!!

ലോകവിശ്രുതമായ

## വേദനസംഹാരി

തലവേദന, വാതം, പക്ഷവാതം, അംഗങ്ങളിൽ വേദന, മൂലക്കുരു, മുറി, ഉളുക്കു, തിപ്പൊള്ളൽ, ജലദോഷം, കുര, നീർവീഴ്ച, പല്ലുവേദന, പുറത്തുകടച്ചൽ—മുതലായ സകലവിധ വേദനകളേയും ശമിപ്പിക്കും.

ശുദ്ധമായ സസ്യവർഗ്ഗങ്ങളിൽനിന്നു ഉണ്ടാക്കിയതു്. ഇന്ത്യയിൽ എതു മരുന്നുഷാപ്പിലും കിട്ടും. ഒരുഡെപ്പിക്കു വില ൨ ണ മാത്രം.

## വട്ടച്ചൊറിക്കുഴമ്പ്

വട്ടച്ചൊറിക്കു ഒന്നാന്തരം. പത്തുലക്ഷം പെട്ടികൾ ഉണ്ടാക്കിയിരിക്കുന്നു. ഒരു ഡെപ്പിക്കു വില ൩ ണ മാത്രം ൩൨ ഡെപ്പിക്കു ക ൯—൩ ൨—൦.

## പല്ലുംപൊടി

പല്ലുകൾ ശുദ്ധിവരുത്തുക, രക്തംവരുന്നതു നിത്തുക മുതലായി പല്ലിനെ സംബന്ധിക്കുന്ന എല്ലാ രോഗങ്ങളും മാററി, വായ്ക്കു രുചി കൊടുക്കും. ഡെപ്പിക്കു ൨ ണ. ഒരുഡസന്നു ക൩ —൨ —൦.

## മോഹിനിതൈലം

നല്ലവാസന, നല്ല തണുപ്പ്. മുടി വളരാൻ ഒന്നാന്തരം. ഒരു കുപ്പിക്കു ക ൦—൩ ൨—൦ കാവാറിൽ ഒന്നാംക്ലാസ് സബ്ജഡ്ജിയായ ആർ. ആർ, ഗഞ്ജോളി എഴുതുന്നു:— "നിങ്ങളുടെ അമൃതാഞ്ജനം പരീക്ഷിച്ചതിൽ അതു, തലവേദനയ്ക്കും, വാതത്തിനും, മൂലക്കുരുവിനും, ജലദോഷത്തിനും കുർക്കം പററിയതെന്നു ഞാൻ കണ്ടിരിക്കുന്നു."

**AMRUTANJAN DEPOT.,**

109 FRERE ROAD, BOMBAY.

7 TH MBU CHETTY STREET, MADRAS

# സ്ത്രീകൾക്കു മാത്രം

## സ്ത്രീകൾക്കു ബന്ധുലോധ്രാ

ലോധ്ര എന്ന ഈ മരുന്നു സ്ത്രീകൾക്കു സാധാരണയായി ഭേഷ്ടിയാകുന്ന സമയങ്ങളിലുണ്ടാവുന്ന കഠിനമായ വയറുവേദന, മുട്ടുനോവ് (Menstrual Pain) മുതലായതിനെ ഇല്ലാതാക്കും; ശരിയായ പക്കങ്ങളിൽ ഭേഷ്ടിയാവാതെയിരിക്കയോ (irregular Men·es) ഭേഷ്ടികാലങ്ങളിൽ അധികമൊ കുറച്ചോ ആവുകയോ (More or less discharge than usual) ഭേഷ്ടിയാവാതെയിരിക്കയോ ( bsence or Suppression of menses) ചെയ്യുന്നതിനെ ഭേദപ്പെടുത്തും. വെള്ളപോക്കു (Lencorrhaea) സന്താനമില്ലായ്മ (Sterility) ഇതു സംബന്ധമായ ഉപദ്രവങ്ങളേയും ശമിപ്പിക്കും. സന്താനം ഇല്ലാതെ തപിക്കുന്ന സ്ത്രീകൾ ഇതു കുറച്ചു കാലം മാത്രം സേവിച്ചാൽ അധികം താമസിയാതെ ഗർഭം ധരിപ്പാനും ഇതു സഹായിക്കും.

വലിയ കുപ്പി ൧-ക്ക ക. ൩-൧-൦ ചെറിയ ടി ക. ൧-൧൦-൦

വളരെ സ്ത്രീകൾ അശ്വത്ഥപ്രദിക്ഷണം, ഹനുമാൻ പ്രദക്ഷിണം, നാഗപ്രതിഷ്ഠ മുതലായതുകളാൽ സന്താനമുണ്ടാകാതെ, ഒടുവിൽ ഞങ്ങളുടെ 'ലോധ്രാ' എന്ന സിദ്ധൌഷധം വാങ്ങി ഉപയോഗിച്ച് രത്നം പോലെയുള്ള സന്താനം ഉണ്ടായി സുഖം അനുഭവിച്ചുവരുന്നു. സേവിച്ചുനോക്കുവിൻ!

Apply to KESARI KUTEERAM
Bunder Street, MADRAS.


---

# ആത്മപോഷിണി

ഒരാണ്ടത്തെ വരിസംഖ്യ മുൻകൂർ ക ൨-൮-൦

## നിബന്ധനകൾ

൧. പഴയവരിക്കാൎക്കു മാസിക വി. പി. അയയ്ക്കുമ്പോൾ വിവരം ൧൫-ദിവസത്തിനു മുമ്പായി അറിയിക്കുന്നതാണു. വി, പി, കയ്പറുന്നതിനു സമ്മതമില്ലാത്തവർ അപ്പോൾ പണം മണി യാർഡർ ചെയ്യുക.

൨. മാസിക എല്ലാവരിക്കാൎക്കും മലയാളമാസം ൩൦-ാനു-കളിൽ അയച്ചുകൊടുക്കുന്നതായിരിക്കും. ഏതെങ്കിലും ലക്കം കിട്ടാതെവന്നാൽ വിവരം അടുത്തമാസം ൧-ാംനു-ക്കള്ളിൽ അറിയിക്കേണ്ടതാണു. ഇങ്ങനെയല്ലാതുള്ള അപേക്ഷകൾ ഗൌനിക്കുന്നതല്ല.

൩. വരിക്കാർ കത്തെഴുതുമ്പോഴും മണിയോർഡർ അയക്കുമ്പോഴും മേൽവിലാസത്തോടു ഏററവും അടുത്തുകിടക്കുന്ന അവരവരുടെ റജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണു.

൪. മേൽവിലാസം മാറേറണ്ട ഗഡുവിൽ അറിയിക്കാതിരിക്കുന്നതുനിമിത്തം വരുന്ന പിശകുകൾക്കു ഇവിടെ ഉത്തരവാദിത്വമില്ല.

ആത്മപോഷിണി മാനേജർ.

# Watches! Electric Lamps!



## EVER READY POCKET LAMP.

This is fitted with Superior long life dry battery and metalic filament bulb This can be kept in a pocket at the time of travelling. This can never care a ferocions cyclone also. Can be used at any time you please. Instant lighter. The top and the bottom caps are nickel plated and is covered with eather in violet, green and blue colours. Only a little is for sale. This lamp makes an ideal present for ladies and gentlemen This can cannot occupy a space more than waist coat pocket.

Usual price Rs 6—8—0. REDUCION PRICE Rs 4.

Spare bulb Re. 1 and spare battery Rs 2



## RELIABLE SYSTEM WATCH!

This watch is quite cheap and can be used by even the poor public. This can keep perfect time. Dial is very beautiful. Many watches are sold to its perfect work. Only few watches are ready in stock.

Usual price Rs 4/8. REDUCTION PRICE Rs 3.

**Electric calling bell with wire No. 1 Rs 18**
**do do No. 11 Rs 15**
**Electric lantern with battery Rs 9.**

CAN BE HAD FROM:—

*Shastry & Bros.,*
Contractor's Chawl
Girgaum. **BOMBAY**

# ഇതാ ക 30000

ഇക്കഴിഞ്ഞ ൬-മാസത്തിനുള്ളിൽ ഞങ്ങൾ ൧൫൦൦൦൦ മുടിത്തൈലക്കുപ്പികൾ ഓരോരുത്തർക്കായി സൌജന്യം ചെയ്തുകഴിഞ്ഞു. ഞങ്ങളുടെ മുടിത്തൈലത്തിൻെറ വൈശിഷ്യത്തെ പററി ബോധമുണ്ടാകുന്നതിനും ഞങ്ങളുടെ നാമധേയം നശ്വരമായി നിലനില്ക്കേണ്ടതിനുമായി ഞങ്ങൾ ഇതാ ഇപ്പോൾ ൬൦൦൦ മുടിത്തൈലക്കുപ്പികളുടെ വില മുഴുവനും സമ്മാനമാതൃകയിൽ കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഞങ്ങളുടെ വിശ്രുതമായ അയെഷ, ഘോർഷി എന്നീ മുടിത്തൈലങ്ങൾ വാങ്ങുന്നവർക്കു ക ൩൦൦൦൦ കിട്ടുകയും ചെയ്യും.

## —വിശേഷത മണം, ശുദ്ധി—

ഞങ്ങളുടെ മുടിത്തൈലങ്ങൾക്കുള്ള മേൽപ്പറയപ്പെട്ട ഗുണഗണങ്ങളെപ്പററി പറകയാണെങ്കിൽ അവയിൽ ഉപദ്രവകരമായ യാതൊരുവിധം എണ്ണയുടേയോ ഔഷധത്തിൻേറയോ സങ്കലനമോ സംയോജിപ്പോ ഇല്ലെന്നു ബഹുജനങ്ങൾ അറിയണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. മുടിത്തൈലങ്ങളുടെ മാതൃകയെന്നു പറയാവുന്ന അയെഷ, മുടിയെ പുഷ്ടിയോടെ വളർത്തുകയും തലയെ തണുപ്പിച്ച് ദേഹത്തിനു ആരോഗ്യത്തെ പ്രദാനം ചെയ്കയും ചെയ്യും. കുപ്പിക്കു വില ക ൧; ൩ കുപ്പികൾക്കു ക ൨-൧൨-൦; ൬-നു ക ൫-൮-൦; ഡസനു ക ൧൦. സൌരഭ്യപൂർത്തിയുള്ള ഞങ്ങളുടെ ഘോർഷി എന്ന മുടിത്തൈലം മുടിയെ ശക്തിയിലും മിനുസത്തിലും നീളത്തിലും വളർത്തുകയും തലയെ സംബന്ധിക്കുന്ന രോഗങ്ങളെ നീക്കിക്കളകയും ചെയ്യും. കുപ്പിക്കു വ-ണ., ൩ കുപ്പികൾക്കു ക ൧-൬-൦; ൬ കുപ്പികൾക്കു ക ൨-൧൦-൦; ഡസന്ന് ക ൫.

## —അളവ്—

സാധാരണ, തെരുവിൽ കാണുന്നപോലെ വലിയ കുപ്പികളിൽ കുറച്ചു എണ്ണമാത്രം ഒഴിച്ചു വില്ക്കുക, എന്ന പതിവ് ഞങ്ങൾക്കില്ല. ഞങ്ങളുടെ അയേഷ എന്ന കുപ്പിയിൽ ശരിക്കു ൪ ഔൺസും ഘോർഷിയിൽ കൃത്യം ൨ ഔൺസും എണ്ണയുണ്ടായിരിക്കും. കുപ്പികൾ കമനീയമായ പെട്ടികളിൽ അടക്കം ചെയ്തിരിക്കുകയും ചെയ്യും.

## —തപാൽചിലവ് സൌജന്യം—

മുടിത്തൈലത്തിൻെറ വിലയോടുകൂടി തപാൽചിലവു ചേർക്കാൻ ഇപ്പോൾ ഞങ്ങൾ ഭാവിക്കുന്നില്ല. മുകളിൽ കാണിച്ച വിലയ്ക്കു തന്നെ മുടിത്തൈലം കിട്ടും.

## സമ്മാനടിക്കററ്

അയെഷാ കുപ്പിയൊന്നിച്ചു രണ്ടും ഘോർഷികുപ്പിയൊന്നിച്ച് ഒന്നും ടിക്കററുകൾ കിട്ടും. വാങ്ങുന്നവർ അവരുടെ പേരുകൾ അതിൽ എഴുതി പകുതിഭാഗം ഞങ്ങൾക്കു അയച്ചുതരണം.

അടുത്ത പേജ നോക്കുക

## ൩൦൦൦൦ കയുടെ വിസ്മയകരമായ സമ്മാനം

| | | | |
|---|---|---|---|
| ൧-ാം | സമ്മാനം | ക ൭,൦൦൦ | (൨൪ ടിക്കററു കൈവശക്കാരന്) |
| ൨-ാം | " | ക ൬൦൦൦ | (൧൮ " ) |
| ൩-ാം | " | ക ൫൦൦൦ | (൧൨ " ) |
| ൪-ാം | " | ക ൪൦൦൦ | ( ൮ " ) |
| ൫-ാം | " | ക ൩൦൦൦ | ( ൬ " ) |
| ൬-ാം | " | ക ൨൫൦൦ | ( ൪ " ) |
| ൭-ാം | " | ക ൧൫൦൦ | ( ൨ " ) |
| ൮-ാം | " | ക ൧൦൦൦ | ( ൧ " ) |
| | ആകെ ക. | ൩൦൦൦൦ | |

## നിങ്ങൾക്കു കിട്ടുന്നതെന്തു്?

ശാസ്ത്രരീത്യാ ഉണ്ടാക്കപ്പെട്ടുന്ന മുടിതൈലവും ക ൩൦൦൦൦ യുടെ ഒരു ഓഹരിയും കിട്ടുന്നു. ജനസാമാന്യത്തിനു ഞങ്ങളുടെ മുടിതൈലത്തിന്റെ ശ്രേഷ്ഠതബോധ്യപ്പെട്ടുന്നതിനു വേണ്ടിയാണ് ഞങ്ങൾ ഇങ്ങനെ സമ്മാനം ചെയ്യുന്നതു്.

## ഈ ഏർപ്പാട് എത്രകാലം നിലനില്ക്കും.

൬൦൦൦ കുപ്പി മുടിതൈലം ൫ മാസത്തിനുള്ളിൽ വിററഴിയുമെന്നാണു പ്രതീക്ഷ. വിചാരിക്കുന്നതിലപ്പുറമായി വില്പന ദിവസംതോറും വർദ്ധിക്കുന്നപക്ഷം എത്രകാലം ഈ ഏർപ്പാട് നില്ക്കുമെന്നു പറയാൻ വയ്യ. നിശ്ചയിക്കപ്പെട്ട കുപ്പികൾ വിററഴിയുന്നതുവരെ, അതു ഒരു മാസത്തിനുള്ളിലായാലും ശരി, മാത്രമേ ഈ ഏർപ്പാട് നിലനില്ക്കുകയുള്ളൂ. ഓരോസമ്മാനത്തുകയും അതാതു ടിക്കററുടമസ്ഥന്മാൎക്കു ഭാഗിക്കപ്പെട്ടും. അതിൽ ഒരാൾ മാത്രമെങ്കിൽ തുക മുഴുവനും അയാൾക്കു ലഭിക്കുകയും ചെയ്യും. ഇതിൽ ഒരു പങ്കു നിങ്ങൾക്കും ചേരണമെന്നുണ്ടെങ്കിൽ ഒട്ടും വൈകാതെ മുടിതൈലം വരുത്തിക്കൊൾക. രണ്ടാമതൊരിക്കൽക്കൂടി ഈ ഏർപ്പാടു ഉണ്ടാവുന്നതല്ല.

**DATTIN & CO,**

BOX 141

**CALCATTA.**

# പരസ്യം

## വേനൽക്കാലത്തേക്കുള്ള ഒരു വലിയ സഹായം

### അമൃതമാലകതൈലം

നിങ്ങളുടെ തലച്ചോർ എപ്പോഴും തണുത്തിരിക്കേണമോ? എന്നാൽ അമൃതമാലകതൈലം ഉപയോഗിക്കുവിൻ. നിങ്ങളുടെ നേത്രങ്ങൾക്കു കുളൎമ്മ വേണമോ? എങ്കിൽ അമൃതമാലകതൈലം തന്നെ ഉപയോഗിക്കുവിൻ വില കുപ്പി ഒന്നുക്കു 0-12-0 ഡസന് 8-0-0

### കദലികണ്ഡപാകം

നിങ്ങളുടെ ശരീരപ്രകൃതിയെ തണുപ്പിക്കണമോ? എന്നാൽ ഞങ്ങളുടെ കദലി കണ്ഡപാകമെന്ന ഔഷധത്തെ ഉപയോഗിക്കുവിൻ.

വില കുപ്പി ഒന്നുക്കു 1-ക 8 ണ. ഡസന്ന് 15-ക.

### ജംബിരരസായനം

മൂലക്കുരു ഉണ്ടാകാതിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ ജംബിരരസായനം സേവിക്കാതിരിക്കരുത.

കുപ്പി ഒന്നുക്കു വില 0-8-0 ഡസന്ന് 5-ക 8-ണ

### ജീവാമൃതം

നാഡിക്ഷയത്താൽ നിങ്ങൾ പീഡിതന്മാരാണോ എന്നാൽ താമസിയാതെ ജീവാമൃതത്തെ ഉപയോഗിക്കുവിൻ.

കുപ്പി ഒന്നുക്കു വില 3-ക. ഡസന് 32-ക.

പാക്കിങ്ങ് പോസ്റ്റേജ പുറമെ അടുത്ത റെയിൽവെസ്റ്റേഷന്റേയും തപ്പാലാപ്പീസ്സിന്റേയും പേരറിയിക്കണം

വിലവിവര പട്ടിക ആവശ്യപ്പെട്ടാൽ സൌജന്യമായി അയച്ചുകൊടുക്കും.

മേൽവിലാസം.—

വൈദ്യരത്നം പണ്ഡിതർ ഡി. ഗോപാലചാർളു എ. വി. എസ്സ്.
എ. എം. വി.

ആയുൎവ്വേദാശ്രമം
55 അചരപ്പൻ തെരു
ജി- ടി- മദിരാശി.

ശാഖകൾ
2. തമ്പുച്ചെട്ടിത്തെരു
ബ്രോഡ്വെ

AYURVEDASRAM
55 Acharappan Street
**G. T. MADRAS.**